## അധ്യായം 9

# ഭരണഘടന ഒരു സജീവ-പ്രമാണമെന്ന നിലയിൽ

## (CONSTITUTION AS A LIVING DOCUMENT)

U7R4K4

### ആമുഖം

*കഴിഞ്ഞ 68 വർഷമായി നമ്മുടെ ഭരണഘടന എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ഇതേ ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി നമ്മുടെ രാജ്യം എങ്ങനെ ഭരിക്കപ്പെട്ടു എന്നും ഈ അധ്യായത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ അധ്യായം പഠിക്കുന്നതിലൂടെ നമുക്ക് കണ്ടെത്തുവാൻ സാധിക്കുന്ന വസ്തുതകളാണ്;*

- *കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് ഇന്ത്യൻ ഭരണഘടനക്ക് ഭേദഗതി വരുത്തുവാൻ സാധിക്കും.*
- *ധാരാളം ഭരണഘടനാഭേദഗതികൾ കഴിഞ്ഞെങ്കിലും ഭരണഘടനയുടെ സത്തയും അടിസ്ഥാനഘടനയും ഇപ്പോഴും മാറാതെ നിൽക്കുന്നു.*
- *ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിനും സംരക്ഷിക്കുന്നതിനും നീതിന്യായ വിഭാഗം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.*
- *മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പ്രതികരിച്ചുകൊണ്ടിരിക്കുകയും വികാസം പ്രാപിക്കുകയും ചെയ്യുന്ന ഒരു പ്രമാണമാണ് നമ്മുടെ ഭരണഘടന.*

## ഭരണഘടനകൾ നിശ്ചലമാണോ?
### (ARE CONSTITUTIONS STATIC?)

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ചോ,സമൂഹത്തിലെ ആശയങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ചോ, രാഷ്ട്രീയമാറ്റങ്ങൾ മൂലമോ ഭരണഘടന തിരുത്തി എഴുതുക എന്നത് ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അസാധാരണമായ ഒരു കാര്യമല്ല. സോവിയറ്റ് യൂണിയന് അതിന്റെ 74 വർഷത്തെ പ്രവർത്തനകാലയളവിൽ 4 ഭരണഘടനകൾ ഉണ്ടായിട്ടുണ്ട് (1918,1924,1936,1977). 1991-ൽ സോവിയറ്റ്യൂണിയനിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഭരണം അവസാനിച്ചതോടെ സോവിയറ്റ് ഫെഡറേഷൻ ശിഥിലീകരിക്കപ്പെട്ടു. രാഷ്ട്രീയ വിപ്ലവത്തിനു ശേഷം പുതുതായി രൂപം കൊണ്ട റഷ്യൻ ഫെഡറേഷൻ 1993-ൽ ഒരു പുതിയ ഭരണഘടന സ്വീകരിച്ചു.

എന്നാൽ ഇന്ത്യയുടെ കാര്യം ശ്രദ്ധിക്കൂ. 1949 നവംബർ 26 ന് ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടു. 1950 ജനുവരി 26 ന് ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നു. അതിനുശേഷം അറുപത്തൊൻപത് വർഷങ്ങൾ കഴിഞ്ഞുവെങ്കിലും നമ്മുടെ രാജ്യത്ത് ഗവൺമെന്റിന്റെ പ്രവർത്തനം നടത്തപ്പെടുത്തുന്നതിനുള്ള ഒരു ചട്ടക്കൂടായി ഇതേ ഭരണഘടന ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മാറ്റങ്ങൾ ആവശ്യമില്ലാത്തവിധം നമ്മുടെ ഭരണഘടന മികച്ചതാണെന്നാണോ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്? ഭാവിയിൽ വന്നേക്കാവുന്ന മാറ്റങ്ങളെ മുൻകൂട്ടി കാണുവാൻ കഴിയുന്നത്ര ദീർഘവീക്ഷണമുള്ളവരും വിവേകികളുമായിരുന്നോ നമ്മുടെ ഭരണഘടനാനിർമാതാക്കൾ? ഈ രണ്ട് ചോദ്യോങ്ങൾക്കുമുള്ള ഉത്തരം ഒരർത്ഥത്തിൽ 'അതെ' എന്നാണ്. വളരെ കരുത്തുറ്റ ഒരു ഭരണഘടനയാണ് നാം സ്വായത്തമാക്കിയിട്ടുള്ളത് എന്നത് ഒരു സത്യമാണ്. ഭരണഘടനയുടെ അടിസ്ഥാനചട്ടക്കൂട് നമ്മുടെ രാജ്യത്തിന് വളരെ യോജിച്ചതാണ്. നമ്മുടെ ഭരണഘടനാനിർമാതാക്കൾ വളരെ ദീർഘവീക്ഷണം ഉള്ളവരായിരുന്നുവെന്നതും ഭാ

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ഫ്രാൻസിന് അനേകം ഭരണഘടനകൾ ഉണ്ടായിട്ടുണ്ട്. വിപ്ലവത്തിനുശേഷവും നെപ്പോളിയന്റെ കാലഘട്ടത്തിലും ഫ്രാൻസ് ഒരു ഭരണഘടനക്കുവേണ്ടി നിരന്തര പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. 1793 ലെ വിപ്ലവാനന്തരമുള്ള ഭരണഘടനയെ ആദ്യ ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ കാലഘട്ടം എന്നാണ് വിളിക്കുന്നത്. രണ്ടാമത്തെ ഫ്രഞ്ച് റിപ്പബ്ലിക്ക് 1848 ൽ ആരംഭിച്ചു. മൂന്നാമത്തെ ഫ്രഞ്ച് റിപ്പബ്ലിക്ക് 1875ൽ ഒരു പുതിയ ഭരണഘടനയോടെ രൂപം കൊണ്ടു. 1946ൽ പുതിയ ഒരു ഭരണഘടനയോടുകൂടി 4-ാം ഫ്രഞ്ച് റിപ്പബ്ലിക്ക് നിലവിൽ വന്നു. അവസാനമായി 1958 ൽ ഒരു പുതിയ ഭരണഘടനയോടുകൂടി 5-ാം ഫ്രഞ്ച് റിപ്പബ്ലിക്ക് നിലവിൽ വന്നു.



*ഭരണഘടനാപരമായ മാറ്റങ്ങൾ രാഷ്ട്രീയ വികാസവുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്.*

വിയിലെ പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് അവർ പരിഹാരം നിർദ്ദേശിച്ചിരുന്നുവെന്നതും സത്യമാണ്. എന്നാൽ ഒരു ഭരണഘടനയ്ക്കും ഭാവിയിൽ നടക്കാൻ പോകുന്ന എല്ലാ കാര്യങ്ങളെയും മുൻകൂട്ടി കാണുവാൻ സാധ്യമല്ല. മാറ്റങ്ങൾ ആവശ്യമില്ലാത്തതായ ഒരു പ്രമാണവുമില്ല.

പിന്നെ എങ്ങനെയാണ് ഇതേ ഭരണഘടന ഇന്നും രാജ്യത്തെ സേവിച്ചുകൊണ്ടിരിക്കുന്നത്? സമൂഹത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കേണ്ട ആവശ്യകത നമ്മുടെ ഭരണഘടന അംഗീകരിക്കുന്നു എന്നതാണ് ഇത്തരം ചോദ്യങ്ങൾക്കുള്ള ഒരുത്തരം. രണ്ടാമതായി, ഭരണഘടന പ്രവർത്തിക്കുമ്പോൾ അതിന്റെ വ്യാഖ്യാനത്തിൽ പരമാവധി അയവുള്ളതായി കാണാം. ഭരണഘടന നടപ്പാക്കുന്നതിൽ രാഷ്ട്രീയ പ്രവർത്തനങ്ങളും നീതിന്യായവിധികളും തികഞ്ഞ പക്വതയും അയവും കാണിക്കുന്നുണ്ട്. ഇത്തരം ഘടകങ്ങൾ നമ്മുടെ ഭരണഘടനയെ അടഞ്ഞതും നിശ്ചലവുമായ ഒരു നിയമപ്രമാണമാക്കാതെ അതിനെ ഒരു സജീവപ്രമാണമാക്കി നിലനിർത്തുന്നു.

ഏതൊരു സമൂഹത്തിലും ഭരണഘടന തയാറാക്കുന്നവർ പൊതുവായ ഒരു വെല്ലുവിളി അഭിമുഖീകരിക്കാറുണ്ട്. ആ കാലഘട്ടത്തിൽ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ പ്രതിഫലിപ്പിക്കുക എന്നതാണ് അത്. അതേസമയം, ഭരണഘടന ഭാവിയിലെ ഗവൺമെന്റിന്റെ ചട്ടക്കൂടിനെക്കുറിച്ച് സൂചിപ്പിക്കുന്ന ഒരു പ്രമാണവുമായിരിക്കണം. ഭാവിയിലെ വെല്ലുവിളികളെ നേരിടാനുള്ള കഴിവ് ഭരണഘടനയ്ക്കുണ്ടാകണം. ഈ അർഥത്തിൽ, ഭരണഘടന ഒരേസമയം സമകാലീനവും ഈടുനിൽക്കുന്നതുമായിരിക്കണം.



ഇരുന്നൂറിലേറെ വർഷങ്ങൾക്ക് മുമ്പ് നിലവിൽ വന്ന അമേരിക്കൻ ഭരണഘടന ഇതുവരെ 27 പ്രാവശ്യം മാത്രമാണ് ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളത്. അതൊരു ശ്രദ്ധിക്കപ്പെടേണ്ട കാര്യമല്ലേ?

അതേസമയം ഭരണഘടന ഒരിക്കലും നിശ്ചലവും മാറ്റം വരുത്തുവാൻ സാധിക്കാത്തതുമായ പ്രമാണമല്ല. മനുഷ്യനിർമിതമായ ഒരു പ്രമാണം ആയതിനാൽ ഇതിന് പുതുക്കലും മാറ്റം വരുത്തലുകളും പുനപ്പരിശോധനയും ആവശ്യമാണ്. ഭരണഘടന ഒരു സമൂഹത്തിന്റെ സ്വപ്നങ്ങളെയും അഭിലാഷങ്ങളെയും പ്രതിഫലിപ്പിക്കുന്നതാവണം എന്നത് വസ്തുതയാണ്. ഒരു ഭരണഘടന സമൂഹത്തിന്റെ ജനാധിപത്യ ഭരണക്രമത്തിനുള്ള ചട്ടക്കൂടുമായിരിക്കേണ്ടതാണ്. ഈ അർഥത്തിൽ സമൂഹം അവർക്കുവേണ്ടി നിർമിച്ച ഒരു ഉപാധിയായി ഭരണഘടനയെ കണക്കാക്കാം.

ഭരണഘടനയുടെ ഈ രണ്ടു ചുമതലകളും അതിന്റെ പദവിയെ സംബന്ധിച്ച് ചില ദുഷ്കരമായ ചോദ്യങ്ങൾ ഉയർത്തുന്നു. ഒരാൾക്കും, ഒരു കാലത്തും മാറ്റാൻ പറ്റാത്ത തരത്തിൽ ഭരണഘടന പവിത്രമാണോ? നേരെമറിച്ച്, സാധാരണനിയമങ്ങളെപോലെ എളുപ്പത്തിൽ മാറ്റുവാൻ സാധിക്കുന്ന ഒരു കേവലപ്രമാണമാണോ ഭരണഘടന?

ഈ പ്രശ്നത്തെക്കുറിച്ച് ബോധവാൻമാരായിരുന്നതിനാൽ നമ്മുടെ ഭരണഘടനാ നിർമാതാക്കൾ ഒരു സന്തുലിതാവസ്ഥ നിലനിർത്താനാണ് ശ്രമിച്ചത്. അവർ ഭരണഘടനയെ സാധാരണനിയമത്തിനു മുകളിൽ പ്രതിഷ്ഠിക്കുകയും ഭാവിതലമുറ അതിനെ അനുസരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു. അതേ സമയം, ഈ പ്രമാണം ഭാവിയിൽ തിരുത്തലുകൾക്ക് വിധേയമാകണമെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ഭരണഘടനയുടെ നിർമാണവേളയിൽത്തന്നെ പലകാര്യങ്ങളിലും വ്യത്യസ്താഭിപ്രായങ്ങളുണ്ടെന്ന് അവർക്ക് ബോധ്യപ്പെട്ടിരുന്നു. എപ്പോഴെങ്കിലും സമൂഹം ഒരു പ്രത്യേകാഭിപ്രായത്തിലേക്ക് മാറുമ്പോൾ ഭരണഘടനാ വ്യവസ്ഥകളിൽ മാറ്റം അനിവാര്യമാകും. ചുരുക്കത്തിൽ, ഇന്ത്യൻ ഭരണഘടന മുകളിൽ സൂചിപ്പിച്ച രണ്ടു സമീപനങ്ങളുടെയും ഒരു സമന്വയമായിരുന്നു. അതായത്, ഒരേസമയം ഭരണഘടന പവിത്രമായ ഒരു പ്രമാണമാണ്. അതേസമയം അതിൽ കാലാകാലങ്ങളിൽ മാറ്റങ്ങൾ അനിവാര്യമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ ഭരണഘടന നിശ്ചലമായ ഒരു പ്രമാണമോ എല്ലാറ്റിന്റെയും അവസാനവാക്കോ മാറ്റം വരുത്തുവാൻ പാടില്ലാത്തതോ ആയ ഒരു പ്രമാണമല്ല.

**പഠന പുരോഗതി വിലയിരുത്തുക**

മുകളിൽ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വായിച്ചതിനുശേഷം ക്ലാസിലെ നിരവധി കുട്ടികൾ ആശയക്കുഴപ്പത്തിലായി. അവർ താഴെപ്പറയുന്ന പ്രസ്താവനകൾ നടത്തി. ഈ പ്രസ്താവനകളെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

- ഭരണഘടന മറ്റുള്ള നിയമങ്ങളെപ്പോലെയാണ്. ഗവൺമെന്റിനെ നിയന്ത്രിക്കുന്ന ചട്ടങ്ങളെയും നിയമങ്ങളെയും കുറിച്ച് ഇത് ലളിതമായി പറഞ്ഞുതരുന്നു.
- ഭരണഘടന ജനങ്ങളുടെ ഇച്ഛയെ പ്രതിഫലിപ്പിക്കുന്നു. അതുകൊണ്ട് പത്തോ പതിനഞ്ചോ വർഷം കൂടുമ്പോൾ ഭരണഘടന ഭേദഗതി ചെയ്യാനുള്ള വ്യവസ്ഥകൾ അതിൽ ഉൾപ്പെടുത്തിയിരിക്കണം.
- രാജ്യത്തിന്റെ തത്ത്വചിന്തയാണ് ഭരണഘടനയിലൂടെ പ്രസ്താവിച്ചിരിക്കുന്നത്. അതുകൊണ്ട് ഒരിക്കലും മാറ്റം വരുത്താനാകില്ല.
- ഭരണഘടന ഒരു വിശുദ്ധ പ്രമാണമാണ്. അതുകൊണ്ട് തന്നെ ഇതിന്റെ ഭേദഗതിയെക്കുറിച്ചുള്ള ഏതൊരു സംഭാഷണവും ജനാധിപത്യത്തിനെതിരാണ്.

## ഭരണഘടന എങ്ങനെ ഭേദഗതി ചെയ്യാം? (HOW TO AMEND THE CONSTITUTION?)

***അനുച്ഛേദം 368 പ്രകാരം***


***....ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും പാർലമെന്റിന് അതിന്റെ ഭരണഘടനാനിർമാണാധികാരം പ്രയോഗിച്ച് ഈ അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ഈ ഭരണഘടനയുടെ ഏതു വ്യവസ്ഥയും കൂട്ടിച്ചേർക്കലോ, വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി ഭേദഗതി ചെയ്യാവുന്നതാണ്.***

ഭരണഘടന സന്തുലിതമാക്കുന്നതിന് ഭരണഘടനാനിർമാതാക്കൾ ശ്രമിച്ചതായി മുൻപ് നാം സൂചിപ്പിച്ചുവല്ലോ? ആവശ്യമുണ്ടെങ്കിൽ ഭരണഘടനയിൽ ഭേദഗതി വരുത്തുക തന്നെ വേണം. എന്നാൽ അനാവശ്യവും നിരന്തരവുമായ ഭേദഗതികളിൽ നിന്ന് അതിനെ സംരക്ഷിക്കേണ്ടതുമുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഒരേസമയം ഭരണഘടന ദൃഢവും അയവുമുള്ളതുമാകണമെന്ന് അവർ ആഗ്രഹിച്ചു. എളുപ്പത്തിൽ മാറ്റുവാനും ഭേദഗതി വരുത്തുവാനും കഴിയുന്ന ഭരണഘടനകളാണ് അയവുള്ള (flexible Constitution) ഭരണഘടനകൾ. എന്നാൽ ഭേദഗതികൾ വരുത്തുവാൻ വളരെ പ്രയാസമുള്ള ഭരണഘടനകളാണ് ദൃഢമായ ഭരണഘടനകൾ (Rigid Constitution). ഈ രണ്ട് സവിശേഷതകളും ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ഭരണഘടന.

ഭരണഘടനയിൽ തെറ്റുകളോ കുറവുകളോ ഉണ്ടാകുവാനുള്ള സാധ്യതയെക്കുറിച്ച് ഭരണഘടനാ നിർമാതാക്കൾ ബോധവാൻമാരായിരുന്നു. ഭരണഘടന പൂർണമായും തെറ്റുകുറ്റങ്ങളിൽ നിന്നും വിമുക്തമല്ല എന്നവർ മനസിലാക്കി. അത്തരത്തിലുള്ള പോരായ്മകൾ ഉണ്ടാകുമ്പോൾ അവ ഒഴിവാക്കുന്നതിനുവേണ്ടി ഭരണഘടനയിൽ എളുപ്പത്തിൽ ഭേദഗതി വരുത്തുവാൻ കഴിയണമെന്ന് അവർ ആഗ്രഹിച്ചു. താൽക്കാലികമായി ചില വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പുതിയ പാർലമെന്റ് അധികാരത്തിൽ വന്ന ശേഷം ഈ വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തണമോ എന്ന് അന്തിമമായി തീരുമാനിക്കാമെന്നും അവർ കരുതി. ഭരണഘടന ഒരു ഫെഡറൽ വ്യവസ്ഥിതിക്കാണ് രൂപം കൊടുത്തത്, എന്നതിനാൽ സംസ്ഥാനത്തിന്റെ അവകാശങ്ങളും അധികാരങ്ങളും അവരുടെ സമ്മതമില്ലാതെ മാറ്റുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തു. ഭരണഘടനയുടെ ആത്മാവ് എന്ന് കരുതപ്പെടുന്ന ചില സവിശേഷതകൾ മാറ്റപ്പെടാതെ സംരക്ഷിക്കണമെന്ന് ഭരണഘടനാനിർമാതാക്കൾ ആഗ്രഹിച്ചു. അത്തരം വകുപ്പുകളിൽ മാറ്റം വരുത്തുന്നതിനുള്ള വ്യവസ്ഥകൾ കർക്കശമാക്കുവാൻ അവർ തീരുമാനിച്ചു. ഇത്തരം പരിഗണനകളാണ് ഭരണഘടനയുടെ വിവിധതരത്തിലുള്ള ഭേദഗതികൾക്ക് വഴിയൊരുക്കിയത്.



*എങ്ങനെയാണ് ഒരു ഭരണഘടന അയവുള്ളതും ദൃഢവുമാകുന്നത് എന്ന് എനിക്ക് മനസ്സിലാവുന്നില്ല. ഒരു കാലഘട്ടത്തിലെ രാഷ്ട്രീയമാണോ ഒരു ഭരണഘടനയെ ദൃഢവും അയവുള്ളതുമാക്കുന്നത്?*



പാർലമെന്റിൽ ഒരു സാധാരണ നിയമം പാസാക്കുന്നതുപോലെ ചെയ്യാവുന്നതാണ് ഇത് എന്ന് സൂചിപ്പിച്ചിട്ടുള്ള ധാരാളം അനുഛേദങ്ങൾ ഭരണഘടനയിൽ ഉണ്ട്. ഈ ഭേദഗതിക്ക് പ്രത്യേക നടപടിക്രമങ്ങൾ ആവശ്യമില്ല. അത്തരം കാര്യങ്ങളിൽ ഭരണഘടനാഭേദഗതിയും സാധാരണനിയമനിർമ്മാണ പ്രക്രിയയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഭരണഘടനയുടെ ഈ ഭാഗം വളരെ അയവുള്ളതാണ്. താഴെക്കൊടുത്തിരിക്കുന്ന ചില ഭരണഘടനാ അനുഛേദങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.ഈ രണ്ടു അനുഛേദങ്ങളിലും 'നിയമം മൂലം' (by law) എന്നതു കൊണ്ടുദ്ദേശിക്കുന്നത് പാർലമെന്റിന് ഭരണഘടനയുടെ 368-ാം അനുഛേദത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ തന്നെ അവയെ ഭേദഗതി വരുത്തുവാൻ സാധിക്കും എന്നതാണ്. ഇതുപോലെ, എളുപ്പത്തിൽ ഭേദഗതി ചെയ്യുവാൻ കഴിയുന്ന മറ്റു പല അനുഛേദങ്ങളും ഇന്ത്യൻ ഭരണഘടനയിലുണ്ട്. അനുഛേദം :2 – പാർലമെന്റിന് നിയമം മൂലം പുതിയ സംസ്ഥാനങ്ങളെ ഇന്ത്യൻ യൂണിയനിലേക്ക് ചേർക്കുവാൻ സാധിക്കും.

***അനുഛേദം 2:***
***പാർലമെന്റിന് നിയമംമൂലം പുതിയ സംസ്ഥാനങ്ങളെ ഇന്ത്യൻ യൂണിയനിലേക്ക് ചേർക്കുവാൻ സാധിക്കും.***

***അനുഛേദം 3:***
***പാർലമെന്റിന് നിയമം മൂലം ഏതൊരു സംസ്ഥാനത്തിന്റെയും വിസ്തൃതി വർധിപ്പിക്കുവാൻ സാധിക്കും***

ഭരണഘടനയുടെ ശേഷിക്കുന്ന ഭാഗങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ അനുഛേദം 368 ൽ സൂചിപ്പിക്കുന്നു. ഈ അനുഛേദപ്രകാരം ഭരണഘടനാഭേദഗതികൾക്ക് രണ്ട് വ്യത്യസ്ത രീതികളുണ്ട്. ഒരു മാർഗമനുസരിച്ച് ചില അനുഛേദങ്ങൾ പാർലമെന്റിന്റെ ഇരു സഭകളുടെയും പ്രത്യേക ഭൂരിപക്ഷത്തോടുകൂടി ഭേദഗതി ചെയ്യാവുന്നതാണ്. രണ്ടാമത്തെ മാർഗം കുറച്ചു കൂടി പ്രയാസകരമാണ്. അതിന് പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തിനു പുറമെ പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമാണ്. ഏതൊരു ഭരണഘടനാഭേദഗതി നടപടിക്രമവും പാർലമെന്റിൽ മാത്രമെ ആരംഭിക്കുവാൻ (initiate) പാടുള്ളു എന്നുള്ള വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണഘടനാഭേദഗതിക്ക് പാർലമെന്റിന്റെ പ്രത്യേകഭൂരിപക്ഷം കൂടാതെ മറ്റു ബാഹ്യ സ്ഥാപനങ്ങളുടെ (ഭരണഘടനാ കമ്മീഷൻ അല്ലെങ്കിൽ പ്രത്യേകസമിതി) അംഗീകാരം ആവശ്യമില്ല.



*ചില സംസ്ഥാനങ്ങൾ ഒരു ഭരണഘടനാഭേദഗതി ആഗ്രഹിക്കുന്നുവെങ്കിൽ എന്ത് സംഭവിക്കും? അവർക്ക് ഒരു ഭേദഗതി നിർദേശിക്കുവാൻ പറ്റുമോ? സംസ്ഥാനങ്ങൾക്കെതിരായും കേന്ദ്രത്തിനനുകൂലമായുമുള്ള വ്യവസ്ഥയ്ക്ക് മറ്റൊരു ഉദാഹരണമല്ലേ ഇത്?*

അതുപോലെതന്നെ, പാർലമെന്റിൽ പാസാക്കുകയും ചില സന്ദർഭത്തിൽ സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമുള്ള ഭേദഗതികൾക്ക് പിന്നീട് ജനഹിതപരിശോധന നടത്തി അംഗീകാരം നേടേണ്ട ആവശ്യമില്ല. മറ്റെല്ലാ ബില്ലുകളെയും പോലെ ഭരണഘടനാഭേദഗതി ബില്ലുകളും രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. എന്നാൽ രാഷ്ട്രപതിയ്ക്ക് അത് പുനപ്പരിശോധനക്കുവേണ്ടി തിരിച്ചയയ്ക്കുവാൻ അധികാരമില്ല. ഈ വിശദാംശങ്ങൾ കാണിക്കുന്നത് ഭരണഘടനാഭേദഗതി പ്രക്രിയ എത്രമാത്രം ദൃഢവും സങ്കീർണവും ആകുമായിരുന്നേനെ എന്നാണ്. എന്നാൽ നമ്മുടെ ഭരണഘടന ഇത്തരം സങ്കീർണതകളെ ഒഴിവാക്കിയിരിക്കുന്നു. ഇത് ഭരണഘടനാഭേദഗതികളെ താരതമ്യേന ലളിതമാക്കിയിട്ടുണ്ട്. ഭരണഘടനാഭേദഗതി പ്രക്രിയ ഒരു പ്രധാന തത്ത്വത്തെ അടിവരയിടുന്നു, എന്തെന്നാൽ ജനങ്ങളാൽ തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു മാത്രമെ ഭരണഘടനാഭേദഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കുവാനും അന്തിമതീരുമാനമെടുക്കുവാനും അധികാരമുള്ളൂ. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പരമാധികാരമാണ് (പാർലമെന്റിന്റെ പരമാധികാരം) ഭരണഘടനാഭേദഗതി നടപടിക്രമങ്ങളുടെ അടിസ്ഥാനം.

## പ്രത്യേക ഭൂരിപക്ഷം (Special Majority)

തെരെഞ്ഞെടുപ്പ്, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം എന്നീ അധ്യായങ്ങളിൽ പ്രത്യേകഭൂരിപക്ഷം ലഭിക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകളെപ്പറ്റി നാം പരിചയപ്പെട്ടിട്ടുണ്ട്. എന്താണ് പ്രത്യേകഭൂരിപക്ഷം കൊണ്ടർഥമാക്കുന്നതെന്ന് ഒരിക്കൽക്കൂടി പറയാം. സാധാരണയായി നിയമനിർമാണ സഭയിൽ ഒരു പ്രമേയമോ ബില്ലോ പാസാക്കുന്നതിനു സഭയിൽ ആ സമയത്ത് ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ കേവലഭൂരിപക്ഷം ലഭിച്ചിരിക്കണം. ഒരു ബില്ലിന്റെ വോട്ടെടുപ്പ് സമയത്ത് ഒരു സഭയിൽ 247 അംഗങ്ങൾ ഹാജരാവുകയും എല്ലാവരും വോട്ടെടുപ്പിൽ പങ്കെടുക്കുകയും ചെയ്തു എന്നു വിചാരിക്കുക. അങ്ങനെയാണെങ്കിൽ ബില്ലിന് അനുകൂലമായി 124 അംഗങ്ങൾ വോട്ടു ചെയ്തെങ്കിൽ മാത്രമെ ബില്ല് പാസ്സാവുകയുള്ളൂ. എന്നാൽ, ഭരണഘടനാഭേദഗതിബില്ലിന്റെ കാര്യം അങ്ങനെയല്ല. ഭരണഘടനാഭേദഗതി ബില്ലിന് രണ്ടു വ്യത്യസ്ത തരത്തിലുള്ള പ്രത്യേകഭൂരിപക്ഷം ആവശ്യമാണ്. ഒന്നാമതായി സഭയുടെ മൊത്തം അംഗബലത്തിന്റെ ഏറ്റവും ചുരുങ്ങിയത് പകുതിപ്പേർ ആ ബില്ലിനെ അനുകൂലിച്ച് വോട്ടു ചെയ്തിരിക്കണം. രണ്ടാമതായി, സഭയിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗം (2/3) പേരുടെ പിന്തുണയും ബില്ലിനുണ്ടായിരിക്കണം. പാർലമെന്റിന്റെ ഇരു സഭകളിലും ഭേദഗതിബിൽ ഇതേ രീതിയിൽ വെവ്വേറെ പാസാക്കിയിരിക്കണം. (ഇതിനായി പാർലമെന്റിന്റെ സംയുക്തസമ്മേളനത്തിന് വ്യവസ്ഥയില്ല.) ഓരോ ഭേദഗതിബില്ലിനും ഈ പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്.



ഈ ആവശ്യകതയുടെ പ്രാധാന്യം എന്താണ്? ലോകസഭയിൽ 545 അംഗങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഏത് ഭരണഘടനാഭേദഗതിക്കും 273 അംഗങ്ങളുടെ പിന്തുണ ഉണ്ടാകണം. ഭേദഗതിബില്ലിന്റെ വോട്ടെടുപ്പ് സമയത്ത് 300 അംഗങ്ങൾ മാ

ത്രമേ സഭയിൽ ഹാജരായിട്ടുള്ളൂവെങ്കിലും ഭരണഘടനാഭേദഗതി ബില്ലിന് 273 പേരുടെ പിന്തുണ ഉണ്ടായിരിക്കണം. ഒരു ഭേദഗതിബില്ലിന്റെ വോട്ടെടുപ്പിൽ പങ്കെടുത്തത് 400 അംഗങ്ങളാണെന്ന് സങ്കൽപിക്കുക. എങ്കിൽ ആ ബില്ല് പാസാക്കുന്നതിന് എത്ര അംഗങ്ങളുടെ പിന്തുണ ലഭിച്ചിരിക്കണം?

മിക്ക ആധുനികഭരണഘടനകളിലും ഭരണഘടനാഭേദഗതികൾക്കുള്ള വ്യത്യസ്ത നടപടിക്രമങ്ങളിൽ രണ്ടു തത്ത്വങ്ങളാണ് ആധിപത്യം സ്ഥാപിക്കുന്നത്.

- പ്രത്യേകഭൂരിപക്ഷമാണ് അതിൽ ഒരു തത്ത്വം. ഉദാഹരണത്തിന് അമേരിക്ക (യുണൈറ്റഡ് സ്റ്റേറ്റ്സ്) ദക്ഷിണാഫ്രിക്ക, റഷ്യ തുടങ്ങിയ രാജ്യങ്ങളുടെ ഭരണഘടനയയിൽ ഈ തത്ത്വമാണ് ഉപയോഗിക്കുന്നത്. അമേരിക്കൻ ഭരണഘടനയിൽ ഭേദഗതികൾക്ക് മൂന്നിൽരണ്ടു (2/3) ഭൂരിപക്ഷവും ദക്ഷിണാഫ്രിക്ക, റഷ്യ എന്നീ രാജ്യങ്ങളിൽ ചില ഭേദഗതികൾക്ക് നാലിൽ മൂന്ന് (3/4) ഭൂരിപക്ഷവും ആവശ്യമാണ്.
- മിക്ക ആധുനികഭരണഘടനകളിലും പ്രസിദ്ധമായ മറ്റൊരു തത്ത്വമാണ് ഭരണഘടനാഭേദഗതിക്ക് മുൻകൈ എടുക്കുവാനുള്ള ജനങ്ങളുടെ അധികാരം. സ്വിറ്റ്സർലാന്റിൽ ഭരണഘടന ഭേദഗതികൾക്കായി ജനങ്ങൾക്ക് മുൻകൈയെടുക്കാം. ജനങ്ങൾ മുൻകൈ എടുക്കുകയോ ഭേദഗതികൾ അംഗീകരിക്കുകയോ ചെയ്യുന്ന മറ്റ് രാജ്യങ്ങൾക്കുദാഹരണമാണ് ഇറ്റലിയും റഷ്യയും.



*പ്രത്യേക ഭൂരിപക്ഷം എന്ന സമ്പ്രദായം എന്നെ മടുപ്പിക്കുന്നു. അത് എല്ലാ സമയത്തും സങ്കീർണമായ കണക്കുകൂട്ടലുകൾക്ക് നിങ്ങളെ നിർബന്ധിക്കുന്നു. ഇത് യഥാർഥത്തിൽ രാഷ്ട്രീയമാണോ അല്ലെങ്കിൽ ഗണിതമാണോ?*

കൂടാതെ, പാർലമെന്റിന്റെ ഇരുസഭകളും ഭേദഗതിബിൽ പ്രത്യേകഭൂരിപക്ഷത്തോടെ വെവ്വേറെ പാസാക്കിയിരിക്കണം. നിർദേശിക്കപ്പെട്ട ഒരു ഭേദഗതി ബില്ലിന് അനുകൂലമായി ഒരു അഭിപ്രായ ഐക്യം ഉണ്ടായില്ലെങ്കിൽ ബിൽ പാസാക്കുവാൻ സാധിക്കുകയില്ലെന്നതാണ് ഇതു കൊണ്ടർഥമാക്കുന്നത്. ഭരിക്കുന്ന പാർട്ടിക്ക് സഭയിൽ നേരിയ ഭൂരിപക്ഷമേയുള്ളൂ എങ്കിലും അവരുടെ ഇഷ്ടമനുസരിച്ച് നിയമനിർമാണം നടത്തുവാനും ബഡ്ജറ്റ് അംഗീകാരം നേടിയെടുക്കാനും പ്രതിപ

"ഭരണഘടനയിൽ അസംതൃപ്തിയുള്ളവർക്ക് 2/3 ഭൂരിപക്ഷം മാത്രം നേടിയാൽ മതി, എന്നാൽ അവർക്ക് അത് നേടാൻ കഴിഞ്ഞില്ലെങ്കിൽ.... അവരുടെ ഭരണഘടനയിലുള്ള അസംതൃപ്തി പൊതുസമൂഹം പങ്കുവയ്ക്കുന്നില്ലെന്ന് കരുതിയാൽ മതി."

*ഡോ. അംബേദ്കർ ഇവിടെ സംസാരിക്കുന്നത് പാർലമെന്ററി ഭൂരിപക്ഷത്തെക്കുറിച്ച് മാത്രമല്ല പൊതുജനങ്ങൾ പങ്കുവയ്ക്കുന്ന കാഴ്ചപ്പാടുകളെക്കുറിച്ചുമാണ്. തീരുമാനമെടുക്കലിന് നിർണയിക്കുന്ന ഭൂരിപക്ഷത്തിൽ പൊതുജനാഭിപ്രായത്തിന്റെ ഒരു തത്ത്വം കൂടിയുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു.*



ഡോ. അംബേദ്കർ, സിഎഡി, Vol. XI, പേജ് 976. 25 നവംബർ 1949

ക്ഷത്തിന്റെ എതിർപ്പ് ഉണ്ടെങ്കിൽ പോലും സാധിക്കും. എന്നാൽ ഭരണഘടനാഭേദഗതിക്ക് ശ്രമിക്കുമ്പോൾ ഏതാനും പ്രതിപക്ഷപാർട്ടികളുടെയെങ്കിലും വിശ്വാസം നേടിയിരിക്കണം. രാഷ്ട്രീയപാർട്ടികൾക്കിടയിലും പാർലമെന്റ് അംഗങ്ങൾക്കിടയിലും വിശാലമായ യോജിപ്പുണ്ടായിരിക്കുക എന്നതാണ് ഭരണഘടനാഭേദഗതി നടപടിക്രമങ്ങളുടെ പിന്നിലെ അടിസ്ഥാനതത്ത്വം.

## സംസ്ഥാനങ്ങളുടെ അംഗീകാരം (Ratification by States)

ഇന്ത്യൻഭരണഘടനയിലെ ചില അനുച്ഛേദങ്ങൾ ഭേദഗതി ചെയ്യുവാൻ പ്രത്യേക ഭൂരിപക്ഷം മാത്രം പോരാ. കേന്ദ്ര- സംസ്ഥാനഗവൺമെന്റുകളുടെ അധികാര വിഭജനവുമായി ബന്ധപ്പെട്ട അനുച്ഛേദങ്ങൾ, പ്രാതിനിധ്യവുമായി (representation) ബന്ധപ്പെട്ട അനുച്ഛേദം തുടങ്ങിയവയുടെ ഭേദഗതിയ്ക്കായി സംസ്ഥാനങ്ങളുടെ അഭിപ്രായവും അനുമതിയും നേടേണ്ടത് ആവശ്യമാണ്. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽസ്വഭാവത്തെക്കുറിച്ച് നാം പഠിച്ചിട്ടുണ്ട്. ഫെഡറലിസം കൊണ്ടർഥമാക്കുന്നത് സംസ്ഥാനഗവൺമെന്റുകളുടെ അധികാരങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ഔദാര്യമല്ല എന്നതാണ്. ഒരു ഭരണഘടനാഭേദഗതി നിലവിൽ വരുന്നതിനുമുമ്പ് പകുതി സംസ്ഥാനങ്ങൾ ആ ഭേദഗതിബിൽ പാസാക്കിയിരിക്കണം എന്ന് നിഷ്കർഷിക്കുന്നതിലൂടെയാണ് ഭരണഘടന ഈ നിബന്ധന ഉറപ്പുവരുത്തുന്നത്. ഫെഡറൽഘടനയുമായി ബന്ധപ്പെട്ട വ്യവസ്ഥക്കു പുറമേ മൗലികാവകാശ സംബന്ധമായ വ്യവസ്ഥകളും ഇതുപോലെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭരണഘടനയുടെ ചില ഭാഗങ്ങളിൽ ഭേദഗതി വരുത്തുവാൻ കേന്ദ്രസംസ്ഥാനഗവൺമെന്റുകളുടെ വിശാലമായ ഐക്യം ആവശ്യമാണെന്ന് നമുക്ക് പറയുവാൻ കഴിയും. ഈ വ്യവസ്ഥ സംസ്ഥാനങ്ങളെ മാനിക്കുകയും അവർക്ക് ഭരണഘടനാഭേദഗതിയിൽ പങ്കാളിത്തം നൽകുകയും ചെയ്യുന്നു. അതേസമയത്ത് ഈ നടപടിക്രമങ്ങൾ ദൃഢമാണെങ്കിലും പരമാവധി അയവുള്ളതാക്കാൻ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഭേദഗതികൾക്കായി പകുതി സംസ്ഥാനങ്ങളുടെ അനുമതി വേണമെങ്കിലും സംസ്ഥാനനിയമനിർമ്മാണസഭകളിലെ കേവല ഭൂരിപക്ഷം മാത്രമാണ് ഭരണഘടനാഭേദഗതി അംഗീകാരത്തിന് ആവശ്യമുള്ളത്. ഇപ്രകാരം ഈ വ്യവസ്ഥ വളരെ കണിശമാണെന്ന് തോന്നുമെങ്കിലും ഇതും അപ്രായോഗികമല്ല എന്നുകാണാം.

വിശാലമായ അഭിപ്രായൈക്യത്തിലൂടെയും സംസ്ഥാനങ്ങളുടെ പരിമിതമായ പങ്കാളിത്തത്തോടെയും ഭരണഘടന ഭേദഗതി ചെയ്യുവാൻ സാധിക്കുമെന്ന് നമുക്ക് സംഗ്രഹിക്കാം. എളുപ്പത്തിൽ വികലമാക്കുവാൻ പറ്റാത്ത രീതിയിലായിരിക്കണം നമ്മുടെ ഭരണഘടന എന്ന കാര്യത്തിൽ ഭരണഘടനാനിർമ്മാതാക്കൾ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. എന്നിരുന്നാലും, ഭരണഘടനയെ കാലാനുസൃതമായ മാറ്റങ്ങൾക്കും ആവശ്യത്തിനനുസരിച്ച് ഭേദഗതി ചെയ്യുവാനും പരിഷ്കരിക്കുവാനുമുള്ള അവകാശം ഭാവിതലമുറയ്ക്ക് നൽകിയിട്ടുണ്ട്.

### പഠനപുരോഗതി വിലയിരുത്തുക

ഇന്ത്യൻഭരണഘടനയിൽ താഴെ നൽകിയിരിക്കുന്ന ഭേദഗതികൾ വരുത്തുന്നതിന് ഏതെല്ലാം വ്യവസ്ഥകളാണ് പൂർത്തീകരിക്കപ്പെടേണ്ടത്? അനുയോജ്യമായ സ്ഥലത്ത് ചാർട്ടിൽ ശരിമാർക്ക് ചെയ്യുക.

| ഭേദഗതിയുടെ വിഷയം | പ്രത്യേക ഭൂരിപക്ഷം | സംസ്ഥാനങ്ങളുടെ അംഗീകാരം |
|---|---|---|
| പൗരത്വവിഷയം | | |
| മതസ്വാതന്ത്ര്യത്തിനുള്ള അവകാശം | | |
| യൂണിയൻ ലിസ്റ്റിൽ മാറ്റം വരുത്തൽ | | |
| സംസ്ഥാനങ്ങളുടെ അതിർത്തി മാറ്റം വരുത്തൽ | | |
| തെരഞ്ഞെടുപ്പു കമ്മീഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ | | |


## എന്തുകൊണ്ട് ഇത്രയധികം ഭരണഘടനാഭേദഗതികൾ? (WHY HAVE THERE BEEN SO MANY AMENDMENTS?)

2019 ജനുവരി 26-ന് ഇന്ത്യൻഭരണഘടന നിലവിൽ വന്നിട്ട് അറുപത്തൊൻപത് വർഷങ്ങൾ പൂർത്തിയായി. ഈ അറുപത്തൊൻപത് വർഷക്കാലയളവിൽ ഇന്ത്യൻഭരണഘടന 103 തവണ ഭേദഗതി ചെയ്തിട്ടുണ്ട്. ഭരണഘടനാഭേദഗതി നടപടിക്രമങ്ങൾ ബുദ്ധിമുട്ടേറിയതാണെങ്കിലും ഭേദഗതികളുടെ എണ്ണം വളരെ കൂടുതലാണെന്ന് കാണാം. എന്തുകൊണ്ടാണ് ഇത്രയധികം ഭരണഘടനാഭേദഗതികൾ നടന്നതെന്ന് നമുക്ക് കണ്ടെത്താം.




*എന്തുകൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ നിരവധി തവണ ഭേദഗതി വരുത്തിയത്? തകരാറ് നമ്മുടെ സമൂഹത്തിനോ അതോ നമ്മുടെ ഭരണഘടനയ്ക്കോ?*

ഭരണഘടനാഭേദഗതികളുടെ ഒരു ലഘുചരിത്രം നമുക്ക് പരിശോധിക്കാം. താഴെ കൊടുത്തിരിക്കുന്ന ഗ്രാഫ് ശ്രദ്ധാപൂർവം പരിശോധിക്കുക.




ഗ്രാഫ് – 1
**ഭേദഗതികൾ ദശാബ്ദക്രമത്തിൽ**




ഗ്രാഫ് – 2
**ഓരോ പത്ത് ഭേദഗതികൾക്കും വേണ്ടി വന്ന വർഷങ്ങൾ**

ഒരേ വിവരങ്ങൾ രണ്ടു വ്യത്യസ്തരീതിയിലാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഓരോ 10 വർഷത്തിലും നടത്തിയ ഭരണഘടനാഭേദഗതികളെ കുറിച്ചാണ് ഒന്നാമത്തെ ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നത്. ആ കാലഘട്ടത്തിൽ നടത്തിയ ഭേദഗതികളുടെ എണ്ണമാണ് ഗ്രാഫിന്റെ ബാർ അടയാളം കൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. ഓരോ പത്തു ഭേദഗതികൾക്കും എടുക്കുന്ന കാലയളവാണ് രണ്ടാമത്തെ ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നത്. ഓരോ പത്ത് ഭേദഗതികൾക്കും വേണ്ടി എടുത്ത വർഷമാണ് രണ്ടാമത്തെ ഗ്രാഫിന്റെ ബാർ അടയാളത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

1970 മുതൽ 1990 വരെയുള്ള രണ്ടു പതിറ്റാണ്ടുകളിലാണ് ധാരാളം ഭേദഗതികൾ നടന്നതെന്ന് മനസ്സിലാക്കാം. നേരെമറിച്ച് രണ്ടാമത്തെ ഗ്രാഫ് സൂചിപ്പിക്കുന്നത് മറ്റൊരു വസ്തുതയാണ്. 1974 മുതൽ 1976 വരെയുള്ള 3 വർഷക്കാലയളവിൽ 10 ഭേദഗതികൾ നടന്നതായി ക്കാണാം. അതേരീതിയിൽ 2001 മുതൽ 2003 വരെയുള്ള കേവലം 3 വർഷങ്ങളിൽ പത്ത് ഭേദഗതികൾ നടന്നതായി കാണാം. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ ഈ രണ്ടു കാലഘട്ടങ്ങളും പ്രത്യേക സവിശേഷതയുള്ളതാണ്. കോൺഗ്രസ്മേധാവിത്വത്തിന്റെ കാലഘട്ടമായിരുന്നു ആദ്യത്തേത്. കോൺഗ്രസ് പാർട്ടിക്ക് പാർലമെന്റിൽ ശക്തമായ ഭൂരിപക്ഷമുള്ള കാലഘട്ടമായിരുന്നു അത്. (ലോകസഭയിൽ 352 സീറ്റും മിക്കവാറും സംസ്ഥാനനിയമസഭകളിൽ ഭൂരിപക്ഷവും) നേരെ മറിച്ച് 2001 മുതൽ 2003 വരെ കൂട്ടുകക്ഷി രാഷ്ട്രീയത്തിന്റെ കാലഘട്ടമായിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത പാർട്ടികളായിരുന്നു ഈ കാലത്ത് അധികാരത്തിലിരുന്നത്. കൂടാതെ ഭാരതീയ ജനതാ പാർട്ടിയും അവരുടെ എതിരാളികളും തമ്മിൽ കടുത്ത ശത്രുത നിലനിന്നിരുന്ന കാലം കൂടിയായിരുന്നു ഇത്. എന്നിട്ടും ഈ കാലയളവിൽ 3 വർഷത്തിനുള്ളിൽ പത്തോളം ഭേദഗതികൾ നടന്നതായി കാണാം. ഭരിക്കുന്ന പാർട്ടികളുടെ ഭൂരിപക്ഷത്തിന്റെ സ്വഭാവത്തിനനുസരിച്ചാണ് ഭേദഗതികൾ സാധ്യമാവുക എന്നത് തെറ്റായ നിഗമനമാണെന്ന് ഇതിൽ നിന്നും മനസിലാക്കാം.

ഇന്ത്യൻ ഭരണഘടനാഭേദഗതിയുടെ എണ്ണത്തെ സംബന്ധിച്ച് ധാരാളം വിമർശനം പലപ്പോഴും ഉയർന്നു വന്നിട്ടുണ്ട്. അറുപത്തൊൻപത് വർഷത്തിനിടക്ക് 103 തവണ ഭേദഗതി ഒരു ഭരണഘടനക്കുണ്ടാവുകയെന്നത് അസാധാരണമായി തോന്നാം. രാഷ്ട്രീയ പരിഗണനകൾക്ക് വിധേയമായിട്ടല്ല ഇത്രയധികം ഭേദഗതികൾ ഉണ്ടായിട്ടുള്ളതെന്ന് മുകളിൽ കൊടുത്ത ഗ്രാഫുകൾ സൂചിപ്പിക്കുന്നു. ഭരണഘടന നിലവിൽ വന്നതിനുശേഷമുള്ള ആദ്യ പതിറ്റാണ്ട് ഒഴിച്ചുനിർത്തിയാൽ പിന്നീടുള്ള പതിറ്റാണ്ടുകളിൽ ഭരണഘടനാഭേദഗതിയുടെ എണ്ണത്തിൽ സമാനമായ ഒരു വർദ്ധനവ് കണാവുന്നതാണ്. ഇത് അർഥമാക്കുന്നത് രാഷ്ട്രീയത്തിന്റ സ്വഭാവമോ അധികാരത്തിലിരിക്കുന്ന രാഷ്ട്രീയപാർട്ടിയുടെ സ്വഭാവമോ പരിഗണിക്കാതെ ഭരണഘടനാഭേദഗതികൾ ഉണ്ടാവേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു എന്നതാണ്. ഒറിജിനൽ ഭരണഘടനയുടെ പരിമിതി മൂലമാണോ ഇത്രയും ഭേദഗതികൾ ഉണ്ടായത്? നമ്മുടെ ഭരണഘടന അത്രയ്ക്ക് അയവുള്ളതാണോ?

## ഇതുവരെ നടന്ന ഭേദഗതികളുടെ ഉള്ളടക്കം (Contents of Amendments made so far)

ഇതുവരെ നടന്ന ഭരണഘടനാഭേദഗതികളെ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കാം. ഒന്നാമത്തെ വിഭാഗത്തിൽ സാങ്കേതികമോ ഭരണപരമോ ആയ ഭേദഗതികളാണ്. യഥാർഥവ്യവസ്ഥകളിൽ ചെറിയ മാറ്റങ്ങൾ വരുത്താനോ, വിശദീകരണം നൽകാനോ, വ്യക്തത നൽകുന്നതിനോ വേണ്ടിയാണ് ഈ ഭേദഗതികൾ നടത്തുന്നത്. നിയമപരമായ അർഥത്തിൽ മാത്രമാണ് ഇവ ഭേദഗതികളാവുന്നത്. പക്ഷെ വസ്തുതാപരമായി ഭരണഘടനാവ്യവസ്ഥകൾക്ക് കാതലായ മാറ്റങ്ങൾ ഇവ വരുത്തുന്നില്ല.



ഭരണഘടനാ ഭേദഗതികളുടെ എണ്ണത്തെയല്ല, മറിച്ച് ഭേദഗതിയിലൂടെ വന്ന മാറ്റത്തെയാണ് നാം പരിഗണിക്കുന്നത്. രാഷ്ട്രീയവിദ്യാർഥികൾ എന്ന നിലയിൽ നാം സ്വീകരിക്കേണ്ടത് ഈ സമീപനമാണ്.

ഹൈക്കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 60 ൽ നിന്നും 62 വയസായി ഉയർത്തിയതും (15–ാം ഭേദഗതി,) സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാരുടെ ശമ്പളം വർധിപ്പിച്ചതും (55–ാംഭേദഗതി) സാങ്കേതികമോ ഭരണപരമോ ആയ ഭേദഗതികൾക്കുദാഹരണങ്ങളാണ്.

പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ടവർക്ക് നിയമനിർമാണസഭകളിൽ സീറ്റുകൾ സംവരണം ചെയ്യുന്ന വ്യവസ്ഥയുടെ ഒരു ഉദാഹരണം നമുക്കെടുക്കാം. ഒറിജിനൽ ഭരണഘടനാവ്യവസ്ഥ പ്രകാരം പത്ത് വർഷത്തേക്കായിരുന്നു ഈ സംവരണം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ ഇത്തരം വിഭാഗക്കാർക്ക് നീതിപൂർവമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനു വേണ്ടി 10 വർഷത്തേക്ക് കൂടി ഈ സംവരണം നീട്ടേണ്ടത് ആവശ്യമായി വന്നു. ഇങ്ങനെ ഓരോ 10 വർഷത്തിനുശേഷവും ഭരണഘടനാഭേദഗതിയിലൂടെ ഈ സംവരണം നീട്ടുകയാണ്

ചെയ്യുന്നത്. ഇതേ രീതിയിൽ 6 ഭേദഗതികൾ ഇതുവരെ നടത്തിയിട്ടുണ്ട്. എന്നാൽ ഈ ഭേദഗതികളൊന്നും ഭരണഘടനയുടെ കാതലായ ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല. ഈ അർഥത്തിൽ ഇതൊരു k nt¦ Xn anb t` ZKX nan¶X anWv

രാഷ്ട്രപതിയുടെ പങ്കിനെ കുറിച്ച് 4-ാം അധ്യായത്തിൽ ചർച്ചചെയ്തിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ? പാർലമെന്ററി സംവിധാനത്തിൽ സാധാരണയായി മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് രാഷ്ട്രപതി പ്രവർത്തിക്കേണ്ടത് എന്നാണ് നമ്മുടെ ഭരണഘടനയിൽ (Original constitution) വ്യവസ്ഥ ചെയ്തിട്ടുള്ളത്. മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് പ്രവർത്തിക്കുവാൻ രാഷ്ട്രപതി ബാധ്യസ്ഥനാണെന്ന കാര്യം 74 (1) അനുച്ഛേദം പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് ഒന്നുകൂടി അടിവരയിട്ട് വ്യക്തമാക്കുകയാണ് ചെയ്തത്. എന്നാൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവും ഈ ഭേദഗതി കൊണ്ടുവരികയുണ്ടായില്ല. വാസ്തവത്തിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് ഒരു വിശദീകരണം നൽകുക മാത്രമാണ് ഈ ഭേദഗതിയിലൂടെ ചെയ്തത്.

### *വ്യത്യസ്ത വ്യാഖ്യാനങ്ങൾ (Differing Interpretations)*

നീതിന്യായവിഭാഗവും അതാതു കാലത്തെ ഗവൺമെന്റുകളും ഭരണഘടനയെ വ്യത്യസ്തമായി വ്യാഖ്യാനിച്ചതിന്റെ ഉൽപന്നമായി രൂപംകൊണ്ട ഏതാനും ഭേദഗതികളുമുണ്ട്. ഇത്തരം വ്യാഖ്യാനങ്ങൾ പരസ്പരം ഏറ്റുമുട്ടുമ്പോൾ അതിലൊന്നിനെ ആധികാരികമാക്കി അത് ഭേദഗതിയായി കൊണ്ടുവന്ന് പാർലമെന്റ് അംഗീകരിക്കുന്നു. ഒരു ജനാധിപത്യരാഷ്ട്രീയത്തിൽ വ്യത്യസ്തസ്ഥാപനങ്ങൾ ഭരണഘടനയെ വ്യാഖ്യാനിക്കുകയും അവരവരുടെ അധികാരത്തിന്റെ വ്യാപ്തി വ്യത്യസ്തമായി നിർവചിക്കുകയും ചെയ്യും. ജുഡീഷ്യറിയുടെ വ്യാഖ്യാനങ്ങളോട് പാർലമെന്റും പലപ്പോഴും യോജിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ജുഡീഷ്യറിയുടെ തീരുമാനങ്ങളെ മറികടക്കുവാനായി പലപ്പോഴും ഭരണഘടനാഭേദഗതി കൊണ്ടുവരാൻ പാർലമെന്റ് ശ്രമിച്ചിട്ടുണ്ട്. 1970-75 ന് ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഇത്തരം സാഹചര്യം ഇടയ്ക്കിടെ ഉണ്ടായിട്ടുണ്ട്.



*ഞാൻ ഇപ്പോഴും ആശയക്കുഴപ്പത്തിലാണ്. ഒരു എഴുതപ്പെട്ട ഭരണഘടന ആയിട്ടുപോലും അതിന് ഇത്രയധികം വ്യാഖ്യാനമോ? അല്ലെങ്കിൽ ജനങ്ങൾ അവർക്കിഷ്ടപ്പെട്ട രീതിയിൽ ഭരണഘടനയെ വായിക്കുകയാണോ?*

പാർലമെന്റും ജുഡീഷ്യറിയും തമ്മിലുള്ള അഭിപ്രായഭിന്നതകളെ സംബന്ധിച്ച് നീതിന്യായവിഭാഗം എന്ന അധ്യായത്തിൽ നാം പഠിച്ചിട്ടുണ്ട്: മൗലീകാവകാശങ്ങളും നിർദ്ദേശകതത്ത്വങ്ങളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചാണ് ഒന്നാമതായി അഭിപ്രായ ഭിന്നതയുണ്ടായിരുന്നത്. സ്വകാര്യസ്വത്തിന്റെ വ്യാപ്തി, ഭരണഘടന ഭേദഗതി വരുത്തുന്നതിനുള്ള പാർലമെന്റിന്റെ അധികാരത്തിന്റെ വ്യാപ്തി തുടങ്ങിയ മറ്റു രണ്ടു വിഷയങ്ങളിലും അഭിപ്രായഭിന്നതകളുണ്ടായിരുന്നു. 1970-75 കാലഘട്ടങ്ങളിൽ നീതിന്യായവിഭാഗത്തിന്റെ പ്രതികൂ

ലമായ വ്യാഖ്യാനങ്ങളെ മറികടക്കുന്നതിനായി തുടർച്ചയായി ഭരണഘടനാ ഭേദഗതികൾ പാർലമെന്റിൽ നടത്തുകയുണ്ടായി.

ഈ കാലഘട്ടത്തിൽ (1970–75) നിരവധി രാഷ്ട്രീയ സംഭവവികാസങ്ങൾ അരങ്ങേറുകയുണ്ടായി. അതുകൊണ്ട് ആ കാലഘട്ടത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളെ മനസ്സിലാക്കുന്നതിലൂടെ മാത്രമേ ഭരണഘടനാ വളർച്ചയെക്കുറിച്ച് പൂർണമായും അറിയുവാൻ നമുക്ക് സാധിക്കുകയുള്ളൂ. അടുത്ത വർഷം സ്വാതന്ത്ര്യലബ്ധി മുതലുള്ള ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ച് പഠിക്കുമ്പോൾ നിങ്ങൾക്ക് ഇതിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കാം.

*രാഷ്ട്രീയസമവായത്തിലൂടെയുള്ള ഭേദഗതികൾ*
*(Amendments through Political Consensus)*

രാഷ്ട്രീയപാർട്ടികൾക്കിടയിലുണ്ടായ അഭിപ്രായസമവായത്തിലൂടെ രൂപപ്പെട്ടതാണ് മൂന്നാമത്തെ വിഭാഗത്തിൽപ്പെടുന്ന ഭേദഗതികൾ. നിലനിൽക്കുന്ന രാഷ്ട്രീയ തത്ത്വശാസ്ത്രവും സമൂഹത്തിന്റെ അഭിലാഷങ്ങളും പ്രതിഫലിക്കുന്ന രീതിയിൽ ഭരണഘടനാ തത്ത്വങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതിന് വിശാലമായ തലത്തിൽ സമവായമുണ്ടാകേണ്ടത് ആവശ്യമായിരുന്നു. 1984–നു ശേഷമുള്ള പല ഭേദഗതികളും ഇതിനുദാഹരണമാണ്. കൂട്ടുകക്ഷിഗവൺമെന്റുകളുടെ ഭരണകാലഘട്ടത്തിലും നിരവധി ഭരണഘടനാ ഭേദഗതികൾ ഉണ്ടായി എന്നത് ഈ അവസരത്തിൽ നമ്മൾ ഓർക്കേണ്ടതാണ്. പല പ്രശ്നങ്ങളിലും രാഷ്ട്രീയപ്പാർട്ടികൾക്കിടയിൽ രൂപപ്പെട്ടുവരുന്ന സമവായമാണ് ഇത്തരം ഭരണഘടനാഭേദഗതികളുടെ അടിസ്ഥാനകാരണം. കൂറുമാറ്റ നിരോധന ഭേദഗതിയിൽ തുടങ്ങി (52–ാം ഭേദഗതി) നിരവധി ഭേദഗതികൾ ഈ കലുഷിതമായ രാഷ്ട്രീയാന്തരീക്ഷത്തിലും ഉണ്ടായതായി നമുക്ക് കാണുവാൻ സാധിക്കും.



*രാഷ്ട്രീയക്കാർക്ക് ചില വിഷയങ്ങളിൽ യോജിപ്പുണ്ടെങ്കിലും അവർക്ക് യോജിപ്പുള്ള വിഷയങ്ങളുടെ അർത്ഥത്തെ സംബന്ധിച്ച് അവർ ഇന്നും തർക്കിച്ചുകൊണ്ടിരിക്കുകയാണ്!*

കൂറുമാറ്റ നിരോധന ഭേദഗതികൾ (52,91 ഭേദഗതികൾ) കൂടാതെ വോട്ടിംഗ് പ്രായം 21 ൽ നിന്ന് 18 ആക്കി കുറയ്ക്കുന്നതിനുള്ള ഭേദഗതി (61–ാം ഭേദഗതി) പഞ്ചായത്ത്‌രാജ്സംവിധാനം (73–ാം ഭേദഗതി) നഗരപാലികാസംവിധാനം (74–ാം ഭേദഗതി) തുടങ്ങിയവ ഇത്തരത്തിലുള്ള ഭേദഗതികൾക്കുദാഹരണങ്ങളാണ്. ജോലിയിലുള്ള സംവരണം, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനസംവരണം തുടങ്ങിയവയുടെ വ്യാപ്തിയെക്കുറിച്ച് വ്യക്തത വരുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഈ കാലഘട്ടത്തിൽ ചില ഭേദഗതികൾ ഉണ്ടാവുകയുണ്ടായി. 1992 – 93 നു ശേഷം ഇത്തരം വിഷയങ്ങളിൽ രാജ്യത്താകമാനം ഒരു പൊതുസമവായം ഉയർന്നുവന്നതിനാൽ 77, 81, 82 ഭേദഗതികൾ വലിയ പ്രയാസം കൂടാതെ പാസാക്കുവാൻ സാധിച്ചു.

### *വിവാദമായ ഭേദഗതികൾ (Controversial Amendments)*

ഭരണഘടന ഭേദഗതി ചെയ്യുന്നതിൽ ഒരു കാലത്തും വിവാദമുണ്ടായിരുന്നില്ല എന്ന് ഇതുവരെയുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു ധാരണയുണ്ടാകുവാൻ പാടില്ല. 1970–80 കാലഘട്ടങ്ങളിലെ ഭേദഗതികളുമായി ബന്ധപ്പെട്ട് നിരവധി രാഷ്ട്രീയവും നിയമപരവുമായ വിവാദങ്ങൾ ഉടലെടുക്കുകയുണ്ടായി. ഭരണഘടനയെ അട്ടിമറിക്കുവാനുള്ള ഭരണകക്ഷിയുടെ ശ്രമങ്ങളായാണ് പ്രതിപക്ഷപ്പാർട്ടികൾ ഈ ഭേദഗതികളിൽ പലതിനെയും കണ്ടത്. വിശേഷിച്ചും 38, 39, 42 ഭേദഗതികൾ ഇവയിൽ ഏറ്റവും വിവാദപരമായി കരുതപ്പെടുന്നു. 1975 ജൂൺ മുതൽ ഇന്ത്യയിൽ പ്രഖ്യാപിക്കപ്പെട്ട ദേശീയാടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിലാണ് ഈ ഭേദഗതികളുണ്ടായത്. ഇവ ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ മൗലികമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു.



*അതുകൊണ്ട് ഇതെല്ലാം രാഷ്ട്രീയം തന്നെയാണ്. ഭരണഘടനയും അതിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിയമത്തിനുപരിയായി രാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് പറഞ്ഞുകൂടെ?*

ഭരണഘടനയുടെ വലിയൊരു ഭാഗത്തെ ബാധിക്കുന്ന തരത്തിൽ വിശാലമായിരുന്നു 42-ാം ഭേദഗതി. കേശവാനന്ദഭാരതി കേസിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയെ മറികടക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം കൂടിയായിരുന്നു ഇത്. ഈ ഭേദഗതി ലോകസഭയുടെ കാലാവധി 5 വർഷത്തിൽ നിന്നും 6 വർഷമായി മാറ്റുകപോലുമുണ്ടായി. അവകാശങ്ങളെക്കുറിച്ചുള്ള അധ്യായത്തിൽ മൗലിക കടമകളെക്കുറിച്ച് നിങ്ങൾ പഠിച്ചുവല്ലോ? ഈ ഭേദഗതിയിലൂടെയാണ് മൗലിക കടമകൾ ഭരണഘടനയിൽ കൂട്ടിച്ചേർത്തത്. 42-ാം ഭേദഗതി നീതിന്യായവിഭാഗത്തിന്റെ പുനഃപരിശോധനാധികാരത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നു. മൂല ഭരണഘടനയുടെ പല ഭാഗങ്ങളും മാറ്റി എഴുതപ്പെട്ടത് ഈ ഭേദഗതിയിലൂടെയാണെന്ന് പറയാം. ഈ ഭേദഗതി ഭരണഘടനയുടെ ആമുഖത്തിലും 7-ാം പട്ടികയിലും 53 അനുച്ഛേദങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമോ? ഈ ഭേദഗതി പാർലമെന്റിൽ പാസാക്കുന്ന വേളയിൽ പല പ്രതിപക്ഷാംഗങ്ങളും ജയിലിലടക്കപ്പെട്ടിരുന്നു. 1977-ലെ തെരഞ്ഞെടുപ്പ് നടന്നതും ഭരണകക്ഷി (കോൺഗ്രസ്സ്) പരാജയപ്പെട്ടതും ഈ പശ്ചാത്തലത്തിലാണ്. തുടർന്ന് അധികാരത്തിൽ വന്ന പുതിയ ഗവൺമെന്റ് ഈ വിവാദപരമായ ഭേദഗതി പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് തീരുമാനിച്ചു. അതിനു വേണ്ടി 43, 44 ഭരണഘടനാഭേദഗതികൾ കൊണ്ടുവരികയും 38, 39, 42 ഭേദഗതികളിലൂടെ വരുത്തിയ പല വ്യവസ്ഥകളും റദ്ദുചെയ്യുകയും ചെയ്തു. ഈ ഭേദഗതിയിലൂടെ ഭരണഘടനയുടെ സന്തുലിതാവസ്ഥ പുനസ്ഥാപിക്കുവാൻ സാധിച്ചു.

***പ്രവർത്തനം***

വിദ്യാഭ്യാസാവകാശത്തിനുള്ള ഭേദഗതി ഏതെന്ന് കണ്ടെത്തുക. ഈ ഭേദഗതിയുടെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങൾ എന്താണ് കരുതുന്നത്?

## അടിസ്ഥാനഘടനയും ഭരണഘടനയുടെ പരിണാമവും

**(Basic Structure and Evolution of the constitution)**

ഇന്ത്യൻ ഭരണഘടനയുടെ പരിണാമത്തിൽ ദീർഘകാലം സ്വാധീനം ചെലുത്തിയ ഒന്നാണ് ഭരണഘടനയുടെ അടിസ്ഥാനഘടനാ സിദ്ധാന്തം. പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിലാണ് നീതിന്യായ വിഭാഗം ഈ സിദ്ധാന്തം മുന്നോട്ടു വെച്ചത്. ഈ വിധി താഴെപ്പറയുന്ന രീതിയിൽ ഭരണഘടനയുടെ പരിണാമത്തെ സഹായിച്ചിട്ടുണ്ട്.

- ഭരണഘടന ഭേദഗതി ചെയ്യുവാനുള്ള പാർലമെന്റിന്റെ അധികാരത്തിന് വ്യക്തമായ പരിധി നിർണയിച്ചു.
- ഇതു പ്രകാരം ഒരു ഭേദഗതിക്കും ഭരണഘടനയുടെ അടിസ്ഥാന ഘടനയെ ലംഘിക്കുവാൻ കഴിയരുത്.
- ഈ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പാർലമെന്റിന് ഭരണഘടനയുടെ ഏതെങ്കിലും ഭാഗങ്ങളോ എല്ലാ ഭാഗങ്ങളുമോ ഭേദഗതി ചെയ്യുവാൻ അനുമതി നൽകി. ഭരണഘടനയുടെ അടിസ്ഥാനഘടന എന്താണെന്നും ഒരു ഭേദഗതി അടിസ്ഥാനഘടനാ ലംഘനം നടത്തിയിട്ടുണ്ടോ എന്നും തീരുമാനിക്കുവാനുള്ള അന്തിമ അധികാരം നീതിന്യായവിഭാഗത്തിൽ നിക്ഷിപ്തമാക്കി.

1973 – ലാണ് സുപ്രീംകോടതി കേശവാനന്ദഭാരതി കേസിൽ വിധി പ്രസ്താവിച്ചത്. കഴിഞ്ഞ 4 ദശകങ്ങളിലേറെ ഇന്ത്യൻ ഭരണഘടനയുടെ എല്ലാ വ്യാഖ്യാനങ്ങളും ഈ വിധിയുടെ അടിസ്ഥാനത്തിലാണ്. കൂടാതെ ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും അടിസ്ഥാനഘടനാ സിദ്ധാന്തത്തെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ ഈ സിദ്ധാന്തം ഭരണഘടന ഒരു സജീവപ്രമാണമാണെന്നുള്ളതിന് തെളിവാണ്. ഭരണഘടനയിൽ ഈ സിദ്ധാന്തത്തെ കുറിച്ച് ഒരു പരാമർശവുമില്ല. നീതിന്യായവ്യാഖ്യനങ്ങളിലൂടെയാണ് ഇത് ഉരുത്തിരിഞ്ഞുവന്നത്. നീതിന്യായവിഭാഗവും അതിന്റെ വ്യാഖ്യാനങ്ങളും അങ്ങനെ ഔപചാരികമായ ഒരു ഭേദഗതി ഇല്ലാതെ തന്നെ ഭരണഘടനയെ പ്രായോഗികതലത്തിൽ ഭേദഗതി ചെയ്തു.



*അപ്പോൾ, നീതിന്യായ വ്യവസ്ഥയാണ് അവസാനവാക്ക്! ഇതും ജുഡിഷ്യൽ ആക്ടിവിസം തന്നെയല്ലേ?*

സംവാദങ്ങൾ, വാദഗതികൾ, മത്സരങ്ങൾ, പ്രായോഗികരാഷ്ട്രീയം എന്നിവയിലൂടെയാണ് ഇപ്രകാരം എല്ലാ സജീവപ്രമാണങ്ങളും ഉരുത്തിരിഞ്ഞു വരുന്നത്. 1973 മുതൽ പല കേസുകളിലും കോടതി അടി

സ്ഥാനഘടനാ സിദ്ധാന്തം എന്തെന്ന് വ്യക്തമാക്കുകയും എന്തൊക്കെയാണ് അടിസ്ഥാനഘടനയിൽ ഉൾപ്പെട്ടതെന്ന് വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഒരർഥത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ദൃഢ സ്വഭാവത്തിനും അയവുള്ള സ്വഭാവത്തിനും തമ്മിൽ സന്തുലനാവസ്ഥക്ക് കാരണമാക്കിയത് ഈ സിദ്ധാന്തമാണ്. ചില ഭാഗങ്ങൾ ഭേദഗതി വരുത്തുവാൻ പാടില്ല എന്നു പ്രസ്താവിച്ചുകൊണ്ട് ഭരണഘടനയുടെ ദൃഢസ്വഭാവത്തിനും മറ്റ് ഭാഗങ്ങൾ ഭേദഗതി വരുത്തുവാൻ അനുവദിച്ചുകൊണ്ട് ഭരണഘടനയുടെ അയവുള്ള സ്വഭാവത്തിനും ഈ സിദ്ധാന്തം വഴി തെളിച്ചു.

### ഭരണഘടനയുടെ പുനരവലോകനം

*1990 കളുടെ അവസാനത്തിൽ ഭരണഘടനയെ പൂർണമായും പുനരവലോകനം ചെയ്യുന്നതിനുള്ള ശ്രമങ്ങളുണ്ടായി. 2000 ൽ ഇന്ത്യാഗവൺമെന്റ് ഭരണഘടനയുടെ പ്രവർത്തനം പുനരവലോകനം ചെയ്യുന്നതിന് ഒരു കമ്മീഷനെ നിയമിച്ചു. സുപ്രീംകോടതിയിൽ നിന്നും ചീഫ് ജസ്റ്റിസായി വിരമിച്ച ജസ്റ്റിസ് വെങ്കിടാചെല്ലയ്യ ആയിരുന്നു ഈ കമ്മീഷന്റെ ചെയർമാൻ. പ്രതിപക്ഷപാർട്ടികളും മറ്റു പല സംഘടനകളും ഈ കമ്മീഷനെ ബഹിഷ്കരിച്ചു. ഒരുപാട് രാഷ്ട്രീയവിവാദങ്ങൾ ഈ കമ്മീഷനെ ചുറ്റിപ്പറ്റിയുണ്ടായിരുന്നുവെങ്കിലും ഭരണഘടനയുടെ അടിസ്ഥാന ഘടനസിദ്ധാന്തത്തെ മുറുകെപ്പിടിച്ച കമ്മീഷൻ ഭരണഘടനയുടെ അടിസ്ഥാനഘടനയെ അപകടത്തിലാക്കുന്ന യാതൊരു നടപടിയും ശുപാർശ ചെയ്തില്ല. ഭരണഘടനയുടെ അടിസ്ഥാനഘടനാ സിദ്ധാന്തത്തിന്റെ പ്രാധാന്യത്തെ ഇത് സൂചിപ്പിക്കുന്നു.*



*ഇതെല്ലാം തെറ്റാണ്. ഭേദഗതിക്ക് സമയം വേണമെന്ന് ആദ്യമവർ പറയുന്നു. എന്നാൽ ജഡ്ജിമാർ ഭരണഘടനയുടെ മൊത്തത്തിലുള്ള അർത്ഥം തന്നെ മാറ്റുന്നതായിട്ടാണ് നമ്മൾ ഇപ്പോൾ കാണുന്നത്.*

നീതിന്യായ വ്യാഖ്യാനങ്ങൾ ഭരണഘടനയെ സംബന്ധിച്ചുള്ള നമ്മുടെ ധാരണകളെ എങ്ങനെ മാറ്റിമറിച്ചു എന്നതിന് മറ്റു പല ഉദാഹരണങ്ങളുമുണ്ട്. ജോലിയിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലുമുള്ള സംവരണം മൊത്തം സീറ്റിന്റെ 50% ത്തിൽ കൂടുതലാകുവാൻ പാടില്ലെന്ന് സുപ്രീംകോടതിയുടെ പല വിധികളിലൂടെയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിപ്പോൾ പൊതുവെ സ്വീകാര്യമായ ഒരു തത്വമായിട്ടുണ്ട്. അതുപോലെ തന്നെ മറ്റുപിന്നോക്കവിഭാഗക്കാരുടെ സംവരണത്തിന്റെ കാര്യത്തിൽ സുപ്രീംകോടതി ക്രീമിലെയർ എന്ന ആശയം കൊണ്ടുവരികയും ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നവർക്ക് സംവരണത്തിന് അർഹതയില്ലെന്ന് തീർപ്പുകൽപ്പിക്കുകയും ചെയ്തു. അതുപോലെതന്നെ വിദ്യാഭ്യാസത്തിനുള്ള അവകാശം, ജീവിക്കാനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം, ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകരിക്കുവാനും നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള അവകാശം എന്നിവയെ സംബന്ധിച്ച വ്യവസ്ഥകൾ

വ്യാഖ്യാനിച്ചു കൊണ്ട് നീതിന്യായവിഭാഗം ഭരണഘടനയിൽ അനൗപചാരികമായ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കോടതിയുടെ വിധി പ്രസ്താവനകൾ ഭരണഘടനയുടെ വികാസത്തിന് എത്രത്തോളം സഹായകമാവും എന്നതിന്റെ ഉദാഹരണങ്ങളാണിത്.

**പഠനപുരോഗതി വിലയിരുത്തുക**

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ, തെറ്റോ എന്ന് രേഖപ്പെടുത്തുക.

- അടിസ്ഥാനഘടനാവിധിക്കുശേഷം പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള അധികാരമില്ല.
- ഭരണഘടനയുടെ അടിസ്ഥാനസവിശേഷതകളിൽ ഭേദഗതി വരുത്തുവാൻ സാധ്യമല്ലാത്തവയുടെ ഒരു വ്യക്തമായ പട്ടിക സുപ്രീംകോടതി നൽകിയിട്ടുണ്ട്.
- ഒരു ഭേദഗതി ഭരണഘടനയുടെ അടിസ്ഥാനഘടനയെ ലംഘിക്കുകമോ ഇല്ലയോ എന്ന് തീർപ്പാക്കുന്നതിനുള്ള അധികാരം നീതിന്യായ വിഭാഗത്തിനാണ്.
- കേശവാനന്ദ ഭാരതി കേസിന്റെ വിധി പാർലമെന്റിന്റെ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള അധികാരത്തിന് വ്യക്തമായ പരിധി നിർണ്ണയിച്ചിരിക്കുന്നു.

## ഭരണഘടന ഒരു സജീവപ്രമാണം എന്ന നിലയിൽ (CONSTITUTION AS A LIVING DOCUMENT)

നമ്മുടെ ഭരണഘടന ഒരു സജീവപ്രമാണമാണെന്ന് വിശദീകരിക്കുകയുണ്ടായല്ലോ? അതുകൊണ്ടർഥമാക്കുന്നതെന്താണ്?

ജീവനുള്ള വസ്തുക്കൾ മാറുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രതികരിക്കുന്നതുപ്പോലെ ഈ പ്രമാണവും പ്രതികരിച്ചുകൊണ്ടിരിക്കുന്നു. ജീവനുള്ള വസ്തുവിനെപ്പോലെ ഭരണഘടന അനുഭവങ്ങളോട് പ്രതികരിക്കുന്നു. ഭരണഘടനയുടെ സുസ്ഥിരതയെ സംബന്ധിച്ച് ഈ അധ്യായത്തിന്റെ തുടക്കത്തിൽ നാം സൂചിപ്പിച്ച അവ്യക്തതക്കുള്ള ഉത്തരവുമാണിത്. സമൂഹത്തിൽ പല മാറ്റങ്ങളും സംഭവിച്ചിട്ടും ഭരണഘടന കാര്യക്ഷമതയോടെ പ്രവർത്തിക്കുവാനുള്ള കാരണം അതിന്റെ ചലനാത്മകമാകുവാനുള്ള കഴിവും, വ്യാഖ്യാനങ്ങളോടുള്ള തുറന്ന സമീപനവും, മാറുന്ന സാഹചര്യങ്ങളോട് പ്രതികരിക്കുവാനുള്ള കഴിവുമാണ്. ഒരു ജനാധിപത്യഭരണഘടനയുടെ മുഖമുദ്ര ഇതാണ്. ഒരു ജനാധിപത്യത്തിൽ പ്രയോഗങ്ങളും ആശയങ്ങളും കാലാനുസൃതമായി മാറുകയും അതിനനുസരിച്ച് സമൂഹം പരീക്ഷണങ്ങളിൽ ഏർപ്പെടുകയും ചെയ്യും. ജനാധിപത്യത്തെ സംരക്ഷിക്കുകയും പുത്തൻപ്രവണതകളെ വളരുവാൻ അനുവദിക്കുകയും ചെയ്യുന്ന ഭര

ണഘടന സുസ്ഥിരവും ജനങ്ങളുടെ ആദരവ് പിടിച്ച് പറ്റുന്നതുമായിരിക്കും. സ്വയം സംരക്ഷിക്കുവാനും ജനാധിപത്യത്തെ സംരക്ഷിക്കുവാനും ഭരണഘടനയ്ക്ക് സാധിക്കുന്നുണ്ടോ എന്നതാണ് പ്രധാനകാര്യം.



എനിക്കിത് മനസിലായി! ഇതൊരു സീസോ (see-saw) പോലെയാണ്. അല്ലെങ്കിൽ ഇതൊരു വടംവലിമത്സരമാണോ?

കഴിഞ്ഞ 6 പതിറ്റാണ്ടുകളിൽ രാഷ്ട്രീയത്തിലും രാജ്യത്തിന്റെ ഭരണഘടനാ വികാസത്തിലും വളരെ നിർണായകമായ പല സാഹചര്യങ്ങളുമുണ്ടായിട്ടുണ്ട്. ഈ അധ്യായത്തിൽ മുമ്പേ തന്നെ അത്തരം ചില സാഹചര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഭരണഘടനാപരവും നിയമപരവുമായ വിഷയങ്ങളിൽ 1950 മുതൽ വീണ്ടും വീണ്ടും ഉയർന്നു വന്നത് പാർലമെന്റിന്റെ മേൽക്കോയ്മയെ സംബന്ധിച്ച പ്രശ്നമാണ്. ഒരു പാർലമെന്ററി ജനാധിപത്യത്തിൽ പാർലമെന്റ് ജനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ആയതിനാൽ, കാര്യനിർവഹണ വിഭാഗത്തിനും നീതിന്യായ വിഭാഗത്തിനും ഉപരിയായി പാർലമെന്റിന് ഒരു മേൽക്കോയ്മ ഉണ്ടായിരിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതേസമയം ഗവൺമെന്റിന്റെ മറ്റ് ഘടകങ്ങൾക്കും ഭരണഘടന അധികാരങ്ങൾ നൽകുന്നുണ്ട്. അതുകൊണ്ട് ഭരണഘടനയുടെ ചട്ടക്കൂടിനകത്തുനിന്നുകൊണ്ടുള്ള മേൽക്കോയ്മ മാത്രമേ പാർലമെന്റിനുണ്ടാകാവൂ. ജനാധിപത്യം എന്നത് വോട്ടും ജനപ്രാതിനിധ്യവും മാത്രമല്ല മറിച്ച് നിയമവാഴ്ച എന്ന തത്ത്വം കൂടിയാണ്. ജനാധിപത്യം സ്ഥാപനങ്ങളുടെ (institutions) വികസനവും ഈ സ്ഥാപനങ്ങളിലൂടെയുള്ള പ്രവർത്തനവും കൂടിയാണ്. എല്ലാ രാഷ്ട്രീയ സ്ഥാപനങ്ങളും ജനങ്ങളോട് ഉത്തരവാദമുള്ളതായിരിക്കുകയും അവ പരസ്പരം സന്തുലിതാവസ്ഥ നിലനിർത്തുകയും വേണം.

## നീതിന്യായവിഭാഗത്തിന്റെ സംഭാവന (Contribution of the Judiciary)

നീതിന്യായ വിഭാഗവും പാർലമെന്റും തമ്മിൽ വിവാദങ്ങൾ ഉണ്ടാകുമ്പോൾ, പാവപ്പെട്ടവർക്കും പിന്നോക്കവിഭാഗക്കാർക്കും ആവശ്യക്കാർക്കും വേണ്ടി നിയമങ്ങളുണ്ടാക്കാനും ഭരണഘടനയിൽ ഭേദഗതി വരുത്തുവാനുമുള്ള അധികാരം പാർലമെന്റിനുണ്ടെന്നാണ് പാർലമെന്റ് കരുതുന്നത്. എന്നാൽ, നീതിന്യായവിഭാഗത്തിന്റെ അഭിപ്രായത്തിൽ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടാണ് ഇത്തരം പ്രവൃത്തികൾ ചെയ്യേണ്ടത്. ജനോപകാരപ്രദമായ നടപടികൾ കൈക്കൊള്ളുന്നത് നടപടിക്രമങ്ങളെ മറികടന്നുകൊണ്ടാവരുത്. കാരണം നിയമം മറികടക്കുന്നത് സദുദ്ദേശത്തോടുകൂടിയാണെങ്കിൽ പോലും അത് അധികാരികൾക്ക് അവരുടെ അധികാരം ഏകാധിപത്യപരമായി ഉപയോഗിക്കുന്നതിനുള്ള ഒരു ഒഴിവുകഴിവാകും. ജനാധിപത്യം ജനക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നു. അധികാരത്തിന്റെ ഏകപക്ഷീയമായ ഉപയോഗത്തെ അത് നിയന്ത്രിക്കുന്നു.

ഇത്തരം സംഘർഷങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലാണ് ഇന്ത്യൻ ഭരണഘടനയുടെ പ്രവർത്തനവിജയം നിലക്കൊള്ളുന്നത്. പ്രസിദ്ധമായ കേശവാനന്ദ ഭാരതി കേസിന്റെ വിധിയിലൂടെ നീതിന്യായവിഭാഗം ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കേവലം വാക്കുകളിലൊതുങ്ങാതെ ഇത്തരം സങ്കീർണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനാണ് ശ്രമിച്ചത്. നിങ്ങൾ ഭരണഘടന വായിക്കുമ്പോൾ, ഭരണഘടനയുടെ അടിസ്ഥാനഘടനയെ സംബന്ധിച്ച് ഒരിടത്തും ഒരു സൂചനപോലും നിങ്ങൾക്ക് കാണുവാൻ സാധിക്കില്ല. അടിസ്ഥാനഘടന എന്ന തരത്തിൽ ഏതെങ്കിലും ഭാഗങ്ങളെ ഭരണഘടന പ്രത്യേകമായി പരാമർശിക്കുന്നില്ല. ഈ അർഥത്തിൽ അടിസ്ഥാനഘടന എന്നത് നീതിന്യായവിഭാഗത്തിന്റെ കണ്ടുപിടുത്തമാണെന്ന് പറയാം. എങ്ങനെയാണ് അത് ഇതുവരെയില്ലാത്ത ഒരു കാര്യം കണ്ടുപിടിച്ചത്? കഴിഞ്ഞ കുറെ ദശകങ്ങളായി എങ്ങനെയാണ് എല്ലാ സ്ഥാപനങ്ങളും ഇതിനെ അംഗീകരിച്ചത്?



അവകാശങ്ങളും തെരഞ്ഞെടുപ്പുകളുമില്ലെങ്കിൽ ഭരണഘടന അർഥശൂന്യമാകും. ക്ഷേമമില്ലെങ്കിൽ തെരഞ്ഞെടുപ്പും അവകാശങ്ങളും അർഥശൂന്യമാകും. തീർച്ചയായും ഈ വിധത്തിലല്ലേ ഭരണഘടനയുടെ 'ആത്മാവി'നെ നാം തിരിച്ചറിയേണ്ടത്?

അവിടെയാണ് ഭരണഘടനയുടെ വാക്കിലും അന്തഃസത്തയിലും ഉള്ള വ്യത്യാസം നിലകൊള്ളുന്നത്. ഒരു വാക്യമോ ഒരു പ്രമാണമോ വായിക്കുമ്പോൾ അതിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധിയെയാണ് നാം ബഹുമാനിക്കേണ്ടത് എന്നാണ് കോടതിയുടെ നിഗമനം. കേവലം ഒരു നിയമസംഹിതയേക്കാൾ പ്രാധാന്യമുള്ളതാണ് അതുണ്ടാകുവാൻ കാരണമായ സാമൂഹ്യസാഹചര്യങ്ങളും അഭിലാഷങ്ങളും.ഈ അടിസ്ഥാനഘടനയില്ലെങ്കിൽ ഭരണഘടനയെക്കുറിച്ച് സങ്കൽപിക്കുവാൻ പോലും സാധിക്കുകയില്ലെന്ന് കോടതി നിരീക്ഷിച്ചു. ഭരണഘടനയുടെ രൂപത്തിലും ഉള്ളടക്കത്തിലും അതിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനു വേണ്ടിയുള്ള ഒരു ദൃഷ്ടാന്തമായി ഇതിനെ കാണാവുന്നതാണ്.

## രാഷ്ട്രീയനേതൃത്വത്തിന്റെ പക്വത
## (Maturity of the Political Leadership)

മുകളിലത്തെ ഖണ്ഡികയിൽ നീതിന്യായ വിഭാഗത്തിന്റെ പങ്കിനെ കുറിച്ചുള്ള ചർച്ചയിൽ ഒരു വസ്തുത കൂടി വ്യക്തമാക്കുന്നുണ്ട്. 1967–1973 കാലഘട്ടത്തിൽ ഉണ്ടായ കടുത്ത വിവാദങ്ങളുടെ പശ്ചാത്തലത്തിൽ സന്തുലിതവും ദീർഘവീക്ഷണത്തോടു കൂടിയതുമായ സമീപനം വേണമെന്ന് പാർലമെന്റും കാര്യനിർവഹണവിഭാഗവും തിരിച്ചറിഞ്ഞു. കേശവാനന്ദ ഭാരതി കേസിൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചതിനു ശേഷം കോടതിയോട് ആ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുവാനുള്ള ശ്രമം നടന്നു. ആ ശ്രമം പരാജയപ്പെട്ടപ്പോൾ 42–ാം ഭേദഗതി കൊണ്ടുവരികയും പാർലമെന്റിന്റെ മേൽക്കോയ്മ പുനഃസ്ഥാപിക്കുകയും ചെയ്തു. എന്നാൽ 1980 ലെ മിനർവമിൽ കേസിൽ സുപ്രീം കോടതി അതിന്റെ മുൻ നിലപാട് വീണ്ടും ആവർത്തിച്ചു. അതുകൊണ്ട് കേശവാനന്ദ കേസി



രാഷ്ട്രീയ പക്വതയില്ലായ്മയുടെ സംഭവങ്ങളുണ്ടായിട്ടുണ്ടെന്നത് നമുക്ക് വിസ്മരിക്കാതിരിക്കാം. ഇതാർക്കെങ്കിലും ഒന്ന് പട്ടികപ്പെടുത്താൻ പറ്റുമോ?

ന്റെ വിധി പ്രസ്താവിച്ചതിനു നാല് പതിറ്റാണ്ടിനപ്പുറം ഈ വിധിക്കാണ് ഭരണഘടനാവ്യാഖ്യാനത്തിൽ മുൻതൂക്കം. രാഷ്ട്രീയപാർട്ടികളും, രാഷ്ട്രീയനേതാക്കളും, ഗവൺമെന്റും, പാർലമെന്റും അടിസ്ഥാനഘടനയെന്ന അലംഘനീയമായ ആശയത്തെ അംഗീകരിച്ചിട്ടുണ്ട്. ഭരണഘടനാ പുനരവലോകനത്തെക്കുറിച്ച് പറയുമ്പോൾ അതിൽ അടിസ്ഥാനഘടനാ സിദ്ധാന്തം മുന്നോട്ടുവെച്ച പരിധി മറികടന്നിട്ടുണ്ടായിരുന്നില്ല.

> ഇന്ത്യൻ സാഹചര്യങ്ങൾക്ക് യോജിച്ചതല്ല ഇന്ത്യൻ ഭരണഘടനയെന്ന് അഭിപ്രായമുള്ള ചില അംഗങ്ങൾ ഭരണഘടനാനിർമാണ സഭയ്ക്കുള്ളിൽ തന്നെയുണ്ടായിരിക്കുന്നു.
>
> "എന്തൊക്കെ ആശയങ്ങളുടെ അടിസ്ഥാനത്തിലാണോ ഭരണഘടനയുടെ കരട് രൂപീകരിച്ചിട്ടുള്ളത് അവയ്ക്ക് ഇന്ത്യയുടെ ആത്മാവുമായി പ്രത്യക്ഷത്തിലുള്ള ഒരു ബന്ധമില്ലായിരുന്നു...... ഈ ഭരണഘടന ഉചിതമല്ല എന്ന് തെളിയിക്കപ്പെടുകയും ഇത് നിലവിൽ വന്ന് വൈകാതെ തന്നെ തകരുകകയും ചെയ്യും"
>
> ലക്ഷ്മീ നാരായണൻ സാഹു, സിഎഡി, Vol. XI, പേജ് 613, 1949 നവംബർ 17

ഭരണഘടനയ്ക്ക് രൂപം നൽകിയപ്പോൾതന്നെ നമ്മുടെ രാജ്യത്തെ ജനങ്ങളും നേതാക്കളും ഇന്ത്യയെക്കുറിച്ച് ഒരു പൊതുവീക്ഷണം പങ്കുവെച്ചിരുന്നു. സ്വാതന്ത്ര്യ നേടിയ അവസരത്തിൽ നെഹ്റു നടത്തിയ വിഖ്യാതമായ പ്രസംഗത്തിൽ ഈ വീക്ഷണത്തെ 'വിധിയുമായുള്ള കൂടിക്കാഴ്ച്ച' (tryst with destiny) എന്നാണ് വിശേഷിപ്പിച്ചത്. ഭരണഘടനാനിർമാണസഭയിലെ എല്ലാ നേതാക്കളും ഇതേ വീക്ഷണം ഉയർത്തിപ്പിടിച്ചു. അതായത് വ്യക്തിയുടെ അന്തസും സ്വാതന്ത്ര്യവും, സാമൂഹ്യ സാമ്പത്തിക സമത്വം, ജനങ്ങളുടെ ക്ഷേമം, ദേശീയാഖണ്ഡതയെ അടിസ്ഥാനമാക്കിയുള്ള ഏകത്വം എന്നിവയായിരുന്നു അത്. ഈ വീക്ഷണം ഇപ്പോഴും നിലനിൽക്കുന്നു. ജനങ്ങളും നേതാക്കന്മാരും ഒരുപോലെ ഈ വീക്ഷണത്തെ ഉയർത്തിപ്പിടിക്കുകയും അത് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വീക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള നമ്മുടെ ഭരണഘടന അരനൂറ്റാണ്ടിനുശേഷവും അധികാരത്തിന്റെയും അംഗീകാരത്തിന്റെയും പ്രതീകമായി നില കൊള്ളുന്നു. നമ്മുടെ പൊതുഭാവനയെ നിയന്ത്രിക്കുന്ന അടിസ്ഥാനമൂല്യങ്ങൾ ഇന്നും മാറ്റമില്ലാതെ തുടരുന്നു.

## ഉപസംഹാരം

അടിസ്ഥാനഘടനയിൽ എന്തെല്ലാം ഉൾക്കൊള്ളണം എന്നതിനെ സംബന്ധിച്ച് ഇന്നും സംവാദങ്ങൾ നിലനിൽക്കുന്നു. അത്തരം സംവാദങ്ങളിൽ യാതൊരു തെറ്റുമില്ല. ജനാധിപത്യസംവിധാനത്തിലെ രാഷ്ട്രീയം തീർച്ചയായും സംവാദങ്ങളും അഭിപ്രായഭിന്നതകളും ഉള്ളതാണെന്ന് നാം ഓർക്കേണ്ടതുണ്ട്. ഇത് വൈവിധ്യത്തിന്റെയും സജീവതയുടെയും സുതാര്യതയുടെയും ലക്ഷണങ്ങളാണ്. ജനാ

ധിപത്യം സംവാദങ്ങളെ സ്വാഗതം ചെയ്യുന്നു. അതേസമയത്ത്, നമ്മുടെ രാഷ്ട്രീയ പാർട്ടികളും നേതാക്കന്മാരും ഈ സംവാദങ്ങൾക്ക് പരിമിതി കൽപ്പിക്കുന്നതിൽ പക്വത കാണിക്കുന്നു. കാരണം രാഷ്ട്രീയം എന്നത് അനുരഞ്ജനവും കൊടുക്കലും വാങ്ങലുകളും കൂടിയാണ്. തീവ്രമായ നിലപാടുകൾ സൈദ്ധാന്തികമായി വളരെ ശരിയും ആശയപരമായി ആകർഷകവുമാണെങ്കിലും രാഷ്ട്രീയം ആവശ്യപ്പെടുന്നത് ഓരോരുത്തരും അവരുടെ തീവ്രനിലപാടുകളിലും ഒരു മിതത്വം ഉണ്ടാക്കാനും ഒരു പൊതുനിലപാടിലേക്ക് എത്തിച്ചേരാനുമാണ്. അപ്പോൾമാത്രമേ ജനാധിപത്യരാഷ്ട്രീയം സാധ്യമാവുകയുള്ളൂ. ഇന്ത്യയിലെ രാഷ്ട്രീയക്കാരും ജനങ്ങളും ഇത്തരം നൈപുണികൾ മനസിലാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് ജനാധിപത്യഭരണഘടനയുടെ പ്രവർത്തനത്തെ തികച്ചും വിജയപ്രദമാക്കി. ഗവൺമെന്റിന്റെ വിവിധഘടകങ്ങൾ തമ്മിൽ ഏറ്റവും പ്രാധാന്യമേറിയത് ഏതെന്ന വിഷയത്തിൽ ഒരു മത്സരം എല്ലായ്പോഴും ഉണ്ടാകാറുണ്ട്. ജനങ്ങളുടെ ക്ഷേമം കൊണ്ടർഥമാക്കുന്നതെന്താണെന്ന വിഷയത്തിലും അവ പരസ്പരം തർക്കിക്കാറുണ്ട്. എന്നാൽ അന്തിമമായി അധികാരം ജനങ്ങളിലാണ് കുടികൊള്ളുന്നത് . ജനങ്ങളും അവരുടെ സ്വാതന്ത്ര്യവും അവരുടെ ക്ഷേമവുമാണ് ജനാധിപത്യത്തിന്റെ ലക്ഷ്യവും ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഉൽപ്പന്നവും.

## അഭ്യാസം

1. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന കണ്ടെത്തുക.

   സമയാസമയങ്ങളിൽ ഒരു ഭരണഘടനയ്ക്ക് ഭേദഗതികൾ വരുത്തേണ്ടത് ആവശ്യമാണ്, കാരണം:

   √ സാഹചര്യങ്ങൾ മാറുമ്പോൾ ഭരണഘടനയിൽ അനുയോജ്യമായ മാറ്റങ്ങൾ ആവശ്യമായി വരുന്നു.

   √ ഒരു പ്രത്യേക സമയത്ത് എഴുതിയ ഒരു പ്രമാണം കുറച്ച് കാലം ചെല്ലുമ്പോൾ കാലഹരണപ്പെടും.

   √ ഓരോ തലമുറയ്ക്കും അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് ഒരു ഭരണഘടന ഉണ്ടായിരിക്കണം.

   √ നിലവിലുള്ള ഗവൺമെന്റിന്റെ തത്ത്വശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം അത്.

2. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്കെതിരെ ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക.

   a. രാഷ്ട്രപതിക്ക് ഒരു ഭരണഘടനാഭേദഗതി ബിൽ പുന: പരിശോധനയ്ക്കുവേണ്ടി പാർലമെന്റിലേക്ക് തിരിച്ചയക്കുവാൻ കഴിയില്ല.

   b തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കു മാത്രമേ ഭരണഘടനയിൽ ഭേദഗതി വരുത്തുവാൻ അധികാരമുള്ളൂ.

c നീതിന്യായവിഭാഗത്തിന് ഭരണഘടനാഭേദഗതിപ്രക്രിയയ്ക്ക് മുൻകൈയ്യെടുക്കുവാൻ കഴിയില്ലെങ്കിലും ഭരണഘടനയെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിച്ചു കൊണ്ട് അതിനെ കാര്യക്ഷമമാക്കി മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും.

d ഭരണഘടനയുടെ ഏതുഭാഗത്തും പാർലമെന്റിന് ഭേദഗതി വരുത്തുവാൻ സാധിക്കും.

3. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിൽ താഴെക്കൊടുത്തിരിക്കുന്നവയിൽ ആരൊക്കെയാണ് പങ്കാളികളാവുന്നത്? ഏത് രീതിയിലാണ് അവരുടെ പങ്കാളിത്തം?
   a. വോട്ടർമാർ
   b. ഇന്ത്യയുടെ രാഷ്ട്രപതി
   c. സംസ്ഥാനനിയമസഭകൾ
   d. പാർലമെന്റ്
   e. ഗവർണർമാർ
   f. ജുഡീഷ്യറി

4. ഇതുവരെയുള്ള ഭരണഘടനാഭേദഗതികളിൽ ഏറ്റവും വിവാദപരമായത് 42-ാം ഭരണഘടന ഭേദഗതിയാണെന്ന് ഈ അധ്യായത്തിൽ നിന്നും പഠിച്ചു. താഴെ കൊടുത്തിരിക്കുന്നവയിൽ ഈ വിവാദങ്ങൾക്ക് കാരണമായത് ഏതൊക്കെ?
   a. ദേശീയാടിയന്തിരാവസ്ഥാക്കാലത്താണ് ഈ ഭേദഗതി ഉണ്ടായത്. ദേശീയാടിയന്തിരാവസ്ഥയുടെ പ്രഖ്യാപനം തന്നെ വിവാദമായിരുന്നു.
   b. പ്രത്യേക ഭൂരിപക്ഷത്തിന്റെ പിന്തുണയില്ലാതെയാണ് ഈ ഭേദഗതി നടത്തിയത്.
   c. സംസ്ഥാനനിയമസഭകളുടെ അംഗീകാരമില്ലാതെയാണ് ഇത് നടത്തിയത്.
   d. വിവാദപരമായ വ്യവസ്ഥകൾ ഈ ഭേദഗതിയിലുണ്ടായിരുന്നു.

5. വ്യത്യസ്ത ഭേദഗതികളെ സംബന്ധിച്ച് നിയമനിർമാണസഭയും നീതിന്യായ വിഭാഗവും തമ്മിലുള്ള തർക്കങ്ങളിൽ താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് യുക്തിപരമായ ഒരു വിശദീകരണം അല്ലാത്തത്?
   a. ഭരണഘടനയ്ക്ക് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ സാധ്യമാണ്.
   b. ഒരു ജനാധിപത്യത്തിൽ സംവാദങ്ങളും അഭിപ്രായഭിന്നതകളും സ്വാഭാവികമാണ്.
   c. ഭരണഘടന ചില നിയമങ്ങൾക്കും തത്ത്വങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുകയും, പ്രത്യേക ഭൂരിപക്ഷത്തോടെയുള്ള ഭേദഗതി അനുവദിക്കുകയും ചെയ്തു.
   d. പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം നിയമനിർമാണസഭയിൽ നിക്ഷിപ്തമാക്കാനാവില്ല.
   e. ഒരു നിയമത്തിന്റെ ഭരണഘടനാസാധുത തീരുമാനിക്കാൻ മാത്രമേ നീതിന്യായവിഭാഗത്തിനു സാധിക്കൂ. അല്ലാതെ, അതിന്റെ ആവശ്യങ്ങളെ സംബന്ധിച്ചുള്ള രാഷ്ട്രീയസംവാദങ്ങൾക്ക് പരിഹാരം കാണുവാൻ നീതിന്യായ വിഭാഗത്തിന് കഴിയില്ല.

6. അടിസ്ഥാനഘടനാ സിദ്ധാന്തത്തെ സംബന്ധിച്ചുള്ള ശരിയായ പ്രസ്താവന കണ്ടെത്തുക. തെറ്റായ പ്രസ്താവനയെ തിരുത്തി എഴുതുക.
   a. അടിസ്ഥാനതത്ത്വങ്ങൾ ഭരണഘടന വ്യക്തമാക്കുന്നു.
   b. ഭരണഘടനയുടെ അടിസ്ഥാനഘടന ഒഴികെ മറ്റേതു ഭാഗവും നിയമ നിർമാണസഭയ്ക്ക് ഭേദഗതി ചെയ്യാം.
   c. ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ ഉൾപ്പെടുന്നതും അല്ലാത്തവ യുമായ തത്ത്വങ്ങൾ ജുഡീഷ്യറി വിശദീകരിച്ചിട്ടുണ്ട്.
   d. ഈ സിദ്ധാന്തം ആദ്യമായി മുന്നോട്ടുവെച്ചത് കേശവാനന്ദ ഭാരതി കേസിലാണ്. തുടർന്നുള്ള വിധികളിലും ഇതിനെപ്പറ്റി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.
   e. ഈ സിദ്ധാന്തം ജുഡീഷ്യറിയുടെ അധികാരം വർധിപ്പിക്കുകയും വ്യത്യസ്തരാഷ്ട്രീയപ്പാർട്ടികളാലും ഗവൺമെന്റിനാലും സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

7. 2000–2003 കാലഘട്ടത്തിൽ ഉണ്ടായ വിവിധ ഭേദഗതികളെ സംബന്ധിച്ചു ള്ളതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന ഏത് നിഗമനത്തിലാണ് നി ങ്ങൾക്ക് എത്തിച്ചേരാൻ സാധിക്കുക.
   a. ഈ കാലഘട്ടത്തിൽ ഉണ്ടായ ഭരണഘടനാഭേദഗതികളിൽ ജുഡീഷ്യറി ഇടപെട്ടിരുന്നില്ല.
   b. ഈ കാലഘട്ടത്തിൽ ഒരു രാഷ്ട്രീയപ്പാർട്ടിക്ക് ശക്തമായ ഭൂരിപക്ഷമു ണ്ടായിരുന്നു.
   c. ചില ഭേദഗതികൾക്കു വേണ്ടി ജനങ്ങളിൽ നിന്നും ശക്തമായ സമ്മർദമു ണ്ടായിരുന്നു.
   d. ഈ കാലഘട്ടത്തിൽ രാഷ്ട്രീയപ്പാർട്ടികൾ തമ്മിൽ കാര്യമായ വ്യത്യാ സം ഉണ്ടായിരുന്നില്ല.
   e. ഭേദഗതികൾ വിവാദരഹിതമായിരുന്നു. ഭേദഗതി വരുത്തേണ്ട വിഷയത്തെ സംബന്ധിച്ച് രാഷ്ട്രീയപ്പാർട്ടികൾ തമ്മിൽ യോജിപ്പുണ്ടായിരുന്നു.

8. ഭരണഘടനഭേദഗതി ചെയ്യുന്നതിന് പ്രത്യേക ഭൂരിപക്ഷം അനിവാര്യമാക്കിയതിനുള്ള കാരണം വിശദീകരിക്കുക.

9. ഇന്ത്യൻ ഭരണഘടനയിലെ പല ഭേദഗതികളും നീതിന്യായവിഭാഗവും പാർലമെന്റും ഉയർത്തിപ്പിടിച്ച വ്യത്യസ്തമായ വ്യാഖ്യാനങ്ങളുടെ ഫല മായിരുന്നു. ഉദാഹരണസഹിതം വിശദീകരിക്കുക.

10. ഭരണഘടന ഭേദഗതി ചെയ്യുവാനുള്ള അധികാരം തെരെഞ്ഞെടുക്ക പ്പെട്ട പ്രതിനിധികൾക്കാണെങ്കിൽ, ഭേദഗതികളുടെ സാധുത തീരുമാനി ക്കാനുള്ള അധികാരം ജുഡീഷ്യറിക്കുണ്ടാകുകയില്ല. നിങ്ങളിതിനോട് യോജിക്കുന്നുണ്ടോ? 100 വാക്കിൽ നിങ്ങളുടെ കാരണങ്ങൾ വ്യക്തമാ ക്കുക.